
# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 3 ലക്കം 2 പേജുകൾ 46 മേയ് 2022



## കഥാ പുരസ്കാര ജേതാക്കൾ



കബനി കെ. ദേവൻ



എം. കുഞ്ഞാപ്പ



ബാലചന്ദ്രൻ എരവിൽ



ബിനു വെളിയനാടൻ




ടോണി എം. ആന്റണി

**സാംസ്കാരിക പ്രവർത്തനങ്ങളുടെ പ്രാധാന്യം തിരിച്ചറിയണം.**

**– സച്ചിദാനന്ദൻ**

# എഡിറ്റേഴ്സ് പേജ്




**മുഖചിത്രം:**
**സച്ചിദാനന്ദൻ**

ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ്ണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ–680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി
റയൻ ജോസഫ്



**വി**വിധ പരിപാടികൾ നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെയാണ് മാസിക നാലാം വർഷത്തെ തേരോട്ടം ആരംഭിച്ചിരിക്കുന്നത്. പൊതുവേദികളിലെ പരിപാടികളുടെ നടത്തിപ്പിനായി, എഴുത്തുകാരുടേയും വായനക്കാരുടേയും ഒരു സാംസ്കാരിക വേദിക്കും മാസിക തുടക്കം കുറിച്ചു. 'സഹൃദയ സദസ്സ്' എന്ന പേരിലുള്ള ഈ കൂട്ടായ്മ, സംവേദനാത്മകമായ സാംസ്കാരിക പ്രവർത്തനങ്ങളാണ് നടത്തുക.

മാസിക ഏർപ്പെടുത്തിയ 'മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാരം-2022', സഹൃദയ സദസ്സിന്റെ പ്രഥമപരിപാടിയായി നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. മേയ് 18ന് കേരള സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിലാണ് പുരസ്കാരങ്ങൾ സമ്മാനിക്കുക.

കഥാപുരസ്കാരത്തിന് അഞ്ച് പേരാണ് അർഹത നേടിയത്. കബനി കെ. ദേവൻ (കണ്ണൂർ), എം.കുഞ്ഞാപ്പ (മലപ്പുറം), ബാലചന്ദ്രൻ എരവിൽ (കാസർകോട്), ബിനു വെളിയനാടൻ (ആലപ്പുഴ), ടോണി എം. ആന്റണി (തൃശൂർ) എന്നിവരാണ് അവാർഡ് ജേതാക്കൾ. വിജയികളെ അനുമോദിക്കുന്നു. എഴുത്തുവവഴിയിലെ പ്രയാണത്തിന് കുറച്ചെങ്കിലും ഊർജം പകരാൻ, ഈ പുരസ്കാര ലബ്ധി, ജേതാക്കൾക്ക് സഹായകമാകട്ടെ എന്നാഗ്രഹിക്കുന്നു.

സംസ്ഥാനത്തിനകത്തും പുറത്തും നിന്നുമായി 182 രചനകൾ പരിഗണനക്ക് ലഭിച്ചിരുന്നു. അതിൽനിന്നും ഷോർട്ട് ലിസ്റ്റ് ചെയ്ത 25 കഥകളാണ് ജഡ്ജിംഗ് കമ്മിറ്റി പരിഗണിച്ചത്. കഥയെ സംബന്ധിച്ച് വലിയ പ്രതീക്ഷതരുന്ന, വ്യത്യസ്തങ്ങളായ അനേകം കഥകൾ ലഭിച്ചവയിലുണ്ട്. വ്യക്തിപരമായ തിരക്കുകൾക്കിടയിലും, കഥകൾ വിലയിരുത്തുവാൻ സമയം കണ്ടെത്തിയ പി.കെ.ഭരതൻ, ഇ.ഡി. ഡേവിസ് എന്നീ പ്രിയ സൗഹൃദങ്ങൾക്ക് നന്ദി. മുണ്ടൂർ കൃഷ്ണൻകുട്ടി മാഷിന്റെ നാമധേയത്തിൽ ഏർപ്പെടുത്തിയിട്ടുള്ള കഥാപുരസ്കാരം സമ്മാനിക്കുന്ന ചടങ്ങിലേക്ക് മാസികയുടെ എല്ലാ മാന്യവാനയക്കാരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. 2022 മേയ് 18ന് രാവിലെ 10 മണിക്ക് തൃശൂരിലെ കേരള സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ വിവിധ പരിപാടികളോടെ പുരസ്കാരങ്ങൾ സമ്മാനിക്കും. വരിക. സൗഹൃദങ്ങൾ പുതുക്കാം.

**–സി.ആർ.രാജൻ,**
എഡിറ്റർ

മിനിക്കഥ

# അശരീരിച്ചിരി



ഉണ്ണി വാരിയത്ത്

ഒരു നാടോടിക്കഥയിൽ കല്ല് മലമുകളിലേക്ക് ഉരുട്ടിക്കയറ്റുകയും ഉടൻ തന്നെ അതിനെ താഴേക്ക് തള്ളിവിട്ട് കൈകൊട്ടിച്ചിരിക്കുകയും ചെയ്ത കഥാപുരുഷനെ കാലം ഭ്രാന്തനെന്നു വിളിച്ചു.

പിന്നീട്, ചിലർ കല്ലുകൾ മലമുകളിലേക്ക് യന്ത്രസഹായത്തോടെ കയറ്റി ആരാധനാലയം നിർമ്മിച്ചപ്പോൾ അവരെ കാലം വിശ്വാസിവർഗ്ഗമെന്നു വിളിച്ചു.

അതിനുശേഷം, മല തങ്ങളുടേതാണെന്ന് വാദിച്ച് ചിലർ ആരാധനാലയം ഇടിച്ചുതള്ളിയപ്പോൾ അവരെ കാലം തീവ്രവാർഗ്ഗീയവാദികളെന്നു വിളിച്ചു.

അപ്പോഴൊക്കെ അശരീരിയായി അലയടിക്കുന്നുണ്ടായിരുന്നു ആരും ശ്രദ്ധിക്കാൻ കൂട്ടാക്കാത്ത ഒരു ചിരി.

## അകത്താളുകളിൽ


### ലേഖനം/പംക്തി

| | |
|---|---|
| സച്ചിദാനന്ദൻ | പേജ് 6 |
| ഫ്രാങ്കോ ലൂയിസ്: | പേജ് 9 |
| തേജശ്രീ: | പേജ് 19 |

### കാർട്ടൂൺ

| | |
|---|---|
| രാജേശ്വരി തുളസി: | പേജ് 4 |

### കഥ

| | |
|---|---|
| ഉണ്ണി വാരിയത്ത് | പേജ് 3 |
| പി. ശ്രീകുമാരി | പേജ് 15 |
| കൃഷ്ണകുമാർ മാപ്രാണം | പേജ് 25 |
| മജീദ് മൂത്തേടത്ത് | പേജ് 39 |
| വാസുകി | പേജ് 42 |

### ചൊൽക്കാഴ്ച

| | |
|---|---|
| രാജൻ എലവത്തൂർ | പേജ് 41 |

### കവിത

| | |
|---|---|
| ബൈജു റാഫേൽ | പേജ് 4 |
| യൂസഫ് നടുവണ്ണൂർ | പേജ് 13 |
| ഷംല ജഹ്ഫർ | പേജ് 14 |
| എം. കെ. അനിൽകുമാർ | പേജ് 18 |
| കൃഷ്ണ | പേജ് 21 |
| എം. കപിൽദേവ് | പേജ് 22 |
| ദർശന | പേജ് 23 |
| മനീഷ മുകേഷ്‌ലാൽ | പേജ് 27 |
| ജബീറ | പേജ് 28 |
| ശഫീഖ് അബ്ദുള്ള | പേജ് 29 |
| സിജി എം. കെ. | പേജ് 30 |
| ജയ്സൺ കെ. | പേജ് 31 |
| ഗ്രേസ് മാത്യു | പേജ് 32 |
| ദിവ്യ എച്ച്. | പേജ് 34 |
| അലീഷ മാഹിൻ | പേജ് 35 |
| ഇ. രുദ്രൻ വാരിയർ | പേജ് 36 |
| തസ്നി ജബീൽ | പേജ് 37 |
| രാജൻ തെക്കുംഭാഗം | പേജ് 38 |

# കാർട്ടൂൺ കേരളം:

രാജേശ്വരി തുളസി






**കവിത**

# മണ്ണപ്പം അഥവാ മനുഷ്യൻ



സന്ധ്യയ്ക്ക് കടൽക്കരയിൽ
ഞാൻ ഇരിക്കുന്നതിനരികേ
നനഞ്ഞ മണ്ണുക്കൊണ്ടപ്പം ചുട്ടുകളിക്കുന്ന
മകളെന്നോട്

'അപ്പച്ചാ
മരിച്ചാൽ...
നമ്മൾ എവിടെ പോകും'

ഏതോ നിയോഗംപ്പോലെ
തിരവന്നു മണ്ണപ്പം കവർന്നു

അവൾ കരഞ്ഞു കൊണ്ടു
മറ്റൊന്ന് ചമച്ചു
പിന്നെ ചിരിക്കാൻ തുടങ്ങി



**ബൈജു റാഫേൽ ആലുവ**

# വ്യാപാരകേരളം പബ്ലിക്കേഷൻസ്

## രണ്ടാമത് മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാര പ്രഖ്യാപനം

മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാരം – 2022 ലെ ജേതാക്കളെ പ്രഖ്യാപിക്കുന്നു. വിസ്മയിപ്പിക്കുന്ന പങ്കാളിത്തമാണ് ഈ മത്സരത്തിൽ സംഭവിച്ചത്. സംസ്ഥാനത്തിനകത്തും പുറത്തുംനിന്നുമായി 182 രചനകൾ ലഭിച്ചു. കഥയെ സംബന്ധിച്ച് വലിയ പ്രതീക്ഷ തരുന്ന, വ്യത്യസ്തങ്ങളായ ധാരാളം കഥകൾ ലഭിച്ചവയിലുണ്ട്. ഷോർട്ട് ലിസ്റ്റ് ചെയ്ത 25 കഥകളാണ്, ജഡ്ജിംഗ് കമ്മിറ്റിയുടെ അന്തിമ പരിഗണനയ്ക്ക് വന്നത്. ഇതിൽനിന്നും അഞ്ച് കഥകൾക്ക് പുരസ്കാരം പ്രഖ്യാപിക്കുന്നു.

**പി.കെ.ഭരതൻ**
(ജൂറി)

**ഇ.ഡി. ഡേവിസ്**
(ജൂറി)

**സി.ആർ.രാജൻ**
(എഡിറ്റർ & ജൂറി)

## പുരസ്കാര ജേതാക്കൾ



**കബനി കെ. ദേവൻ**
**(കണ്ണൂർ)**



**എം.കുഞ്ഞാപ്പ**
**(മലപ്പുറം)**



**ബാലചന്ദ്രൻ എരവിൽ**
**(കാസർകോട്)**



**ബിനു വെളിയനാടൻ**
**(ആലപ്പുഴ)**



**ടോണി എം.ആന്റണി**
**(തൃശൂർ)**


### അനുമോദന പത്രികയ്ക്ക് അർഹത നേടിയവർ

ഹാജറ കെ എം, മനീഷ, അരുൺ പരമേശ്വരൻ, ധന്യ തെക്കേപ്പാട്ട്, അശോകൻ സി ജി, ശൈലജ വർമ്മ, ആദർശ് വി ജി, രഞ്ജിത് കല്യാണി, ഡോക്ടർ മുഹ്സിന, ശ്രീദേവി കെ ലാൽ, അജിത രാജൻ, ശാരിക പുല്ലൂർ, രാജു കാഞ്ഞിരങ്ങാട്, മേഘ മൽഹാർ, നജീബ് കാഞ്ഞിരോട്, ഭദ്ര വേണുഗോപാൽ, രാജീവൻ മുണ്ടിയോട്, അഞ്ജു സജിത്ത്, രാധാകൃഷ്ണൻ ഉണ്ണികുളം, അനുരാധ.



# കേരള സാഹിത്യ അക്കാദമി : സാദ്ധ്യതകളും പരിമിതികളും

## സച്ചിദാനന്ദൻ



സച്ചിദാനന്ദൻ

**കേ**രള സാഹിത്യ അക്കാദമി ഇന്ത്യയിലെ മറ്റു സംസ്ഥാന അക്കാദമികളെക്കാൾ എന്നും മികവു പുലർത്തിപ്പോന്നിട്ടുണ്ട്. ആനുകാലികങ്ങൾ, പുസ്തകങ്ങൾ, പരിപാടികൾ, ഗ്രന്ഥ-മാസികാ ശേഖരങ്ങൾ ഇവയിലെല്ലാം നമ്മുടെ അക്കാദമി വളരെ മുൻപിലാണ്.അതിന്,ഇതുവരെ വന്നു പോയ അക്കാദമി അദ്ധ്യക്ഷർ, ഉപാദ്ധ്യക്ഷർ, കാര്യദർശികൾ, ഭരണസമിതികൾ , ഉപസമിതികൾ എന്നിവയിലെ അംഗങ്ങൾ, അക്കാദമി സ്റ്റാഫ്, എഴുത്തുകാർ, സഹൃദയർ തുടങ്ങിയവരെല്ലാം സംഭാവന ചെയ്തിട്ടുണ്ട്. അവർക്കെല്ലാം ഞാൻ നന്ദി പറയുന്നു. അവർ ചെയ്ത പ്രവർത്തനങ്ങൾക്കു മുകളിലാണ് പുതുതായി ചുമതലയെടുത്ത ഞങ്ങൾ എന്തെങ്കിലും കൂട്ടിച്ചേർക്കാൻ ശ്രമിക്കുന്നത്.

ആദ്യമേ പറയേണ്ട ചില കാര്യങ്ങളുണ്ട്: ഒന്ന് ഇത് കേരള സാഹിത്യ അക്കാദമിയാണ്, കേവലം മലയാളസാഹിത്യഅക്കാദമിയല്ല. കേരളത്തിൽ

മലയാളികളായ ഇംഗ്ലീഷ് എഴുത്തുകാരെ മാറ്റി നിർത്തിയാൽ തന്നെ,

മലയാളമല്ലാത്ത ഭാഷകളും , മാനകമലയാളമായി അംഗീകരിക്കപ്പെടാത്ത ഗോത്ര- സമുദായമൊഴികളും ഉണ്ട്. അവയിൽ സാഹിത്യവും ഉണ്ട്, അത് സമീപകാലത്ത് മുഖ്യധാരയിലേയ്ക്കും

കടന്നുവരാൻ ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ സൈബർ ലോകത്ത് ഒരു സമാന്തര സാഹിത്യവും നില നിൽക്കുന്നു, അതോടൊപ്പം 'ഭാഷ' എന്നതിനെക്കുറിച്ചുള്ള സങ്കല്പം തന്നെ മാറ്റുന്ന വിധത്തിൽ ചിഹ്നങ്ങളും വരകളും വസ്തുക്കളും ഉപയോഗിച്ചുള്ള രചനകളും, വിവിധ-മാദ്ധ്യമ ( മൾട്ടി മീഡിയാ ) രചനകളും ഹൈപ്പർ ലിങ്ക് രചനകളും മറ്റും ഉണ്ടാകുന്നുണ്ട്. ഒരു പുതിയ അവാന്ഗ് ഗാദ് ( പരീക്ഷണങ്ങൾ നടത്തുന്ന മുന്നണിസാഹിത്യം), അഥവാ, പല അവാന്ഗ് ഗാദ്കൾ ഉയർന്നു വരുന്നുണ്ട്. അക്കാദമി പ്രവർത്തനങ്ങൾ ഇവയ്ക്കൊപ്പം ഉയരേണ്ടതുണ്ട്.

കാലികങ്ങളുടെ നല്ല ശേഖരമാണ്. അവ നമ്മുടെ നവോത്ഥാനത്തിന്റെ രേഖകൾ കൂടിയാണ്. അവ സംരക്ഷിക്കപ്പെടുകയും ഡിജിറ്റൽ രൂപത്തിൽ ഗവേഷകർക്കും മറ്റും ലഭ്യമാക്കുകയും വേണം. ഒപ്പം അക്കാദമി ലൈബ്രറിയിലെ പകർപ്പവകാശമില്ലാത്ത പ്രധാന പുസ്തകങ്ങളും ലിറ്റിൽ മാഗസിനുകളും  ഒരു സമിതി ചർച്ച ചെയ്തു തെരഞ്ഞെടുത്ത് ഇങ്ങിനെ ലഭ്യമാക്കണം. ഗവേഷണസൌകര്യങ്ങൾ വർദ്ധിപ്പിക്കണം. ലൈബ്രറി വികസിപ്പിക്കണം. വെബ്സൈറ്റ് പരിഷ്കരിക്കണം, പ്രതികരണ സന്നദ്ധ( ഇന്ററാക്റ്റിവ്) മാക്കണം.

ഗൌരവമുള്ള സെമിനാറുകൾ ഒരേ സ



അക്കാദമിയുടെ പ്രവർത്തനതിന്നു രണ്ടു വശങ്ങൾ ഉണ്ട്: ഒന്ന് പാണ്ഡിത്യ സംബന്ധമായത് ( അക്കാദമിക് ); രണ്ടു, സാഹിത്യത്തിന്റെ  ജനകീയവത്കരണ സംബന്ധമായത്  : ഇവ വിരുദ്ധ സങ്കൽപ്പങ്ങളായല്ലാ ഞാൻ ഉപയോഗിക്കുന്നത്, പക്ഷെ വ്യവഹാരസൌകര്യത്തിനു ഇവയെ വേറെയായിത്തന്നെ കാണേണ്ടതുണ്ട്; രണ്ടിടത്തും പുതിയ പരിപ്രേക്ഷ്യങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്.

സാഹിത്യ അക്കാദമിയുടെ ലൈബ്രറികൾ കേരളത്തിലെത്തന്നെ നല്ല പുസ്തക-മാസികാ ശേഖരങ്ങളിൽ പെടും. അപ്പൻ തമ്പുരാൻ ലൈബ്രറി ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലെ അപൂർവ്വമായ ആനു

മയം ഒരു അക്കാദമിക് പ്രവർത്തനവും ജനകീയപ്രവർത്തനവുമാണ്. അവ മറ്റു സാഹിത്യ സംഘടനകളുമായി ചേർന്നു കേരളത്തിൽ പലയിടങ്ങളിലും നടത്തണം. ഒരു പ്രദേശവും വിട്ടു പോകാതിരിക്കാൻ- ചില ജില്ലകളിൽ അക്കാദമിയുടെ സാന്നിദ്ധ്യം തീരെ  കുറവാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു- ദക്ഷിണ, മദ്ധ്യ, ഉത്തര കേരളങ്ങളിലെ പരിപാടികൾക്കു മേൽനോട്ടം വഹിക്കാനും മറ്റു സംഘടനകളുടെ സഹകരണം നേടാനും പ്രത്യേകം സംവിധാനം ഉണ്ടാക്കണം. സമകാലീന പ്രാധാന്യമുള്ള പ്രമേയങ്ങളിൽ പ്രത്യേക പ്രഭാഷണപരമ്പരകൾ നടത്തണം.

അക്കാദമിയുടെ  ആനുകാലികങ്ങളുടെ നിലവാരം സമീപകാലത്ത് ഗണ്യമായി ഉയർ

ന്നിട്ടുണ്ട്. പുതിയ പ്രമേയങ്ങൾ അവയിൽ കൊണ്ടു വരാൻ കഴിയും, ഓരോ ലക്കത്തിനും, ഇപ്പോൾ ഉള്ള പോലെ തന്നെ, ഓരോ മുഖ്യപ്രമേയം ആകാം. ഒപ്പം സർഗ്ഗാത്മക കൃതികൾ, അവയുടെ പഠനങ്ങൾ, പ്രവണതാപഠനങ്ങൾ ഇവയും ആകാം. ഇംഗ്ലീഷ് പ്രസിദ്ധീകരണം മലയാളം ലിറ്റററി സർവ്വേ-ശരിക്കും നമ്മുടെ സാഹിത്യത്തിലേക്ക് മറ്റു പ്രദേശങ്ങളിലും വിദേശങ്ങളിലും ഉള്ളവർക്ക് ഒരു പ്രവേശികയാകണം. അതിന്നു കൂടുതൽ പ്രചാരം നൽകണം, ലോകം എമ്പാടുമുള്ള പ്രധാന സർവ്വകലാശാലകളിലും ലൈബ്രറികളിലും അത് ലഭ്യമാക്കണം.

യുവ എഴുത്തുകാർക്കും എഴുത്തുകാരികൾക്കും പരീക്ഷണങ്ങൾ നടത്തുന്നവർക്കും പ്രത്യേക ശ്രദ്ധ നൽകണം. അവർക്കായുള്ള വേദികൾ , ഉത്സവങ്ങൾ മുതലായവയും ആകാവുന്നതാണ്. ഒപ്പം ഇന്ന് ഉയർന്നു വരുന്ന ഗോത്ര സാഹിത്യകാരർക്ക് ശ്രദ്ധ നൽകണം. ആദിവാസി- സാമുദായിക ഭാഷകളിൽ നിഘണ്ടുക്കൾ, ഭാഷാശാസ്ത്ര പരമായ പഠനങ്ങൾ ഇവ ഉണ്ടാകണം.

കേരളത്തിന് പുറത്തു ഇന്ത്യയിലും വിദേശങ്ങളിലും ധാരാളം എഴുത്തുകാരും സഹൃദയരുമുണ്ട്. അവർക്കായി പ്രത്യേക പരിപാടികൾ, എഴുത്തുകാരുടെ കൈമാറ്റം മുതലായവ സംഘടിപ്പിക്കാൻ കഴിയണം. പ്രവാസിസാഹിത്യം പഠനവിഷയം ആകണം.

മലയാളസർവ്വകലാശാലയുമായി ചേർന്നു സാഹിത്യരചന, ആസ്വാദനം ഇവയിൽ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കാൻ രണ്ടിടത്തുനിന്നും മുൻകൈകൾ ഉണ്ടാകണം. മലയാളത്തെ പര്യാപ്തമായ വിജ്ഞാനഭാഷയാക്കുന്നതിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങളുമായി ചേർന്നു എന്ത് ചെയ്യാൻ കഴിയും എന്ന് ആലോചിക്കണം. സാമൂഹ്യ ശാസ്ത്രങ്ങൾ, ശുദ്ധ ശാസ്ത്രങ്ങൾ, പ്രയുക്തവിജ്ഞാനം , ഭാഷ ഇവയിൽ പാണ്ഡിത്യമുള്ളവരെ ഈ പരിപാടിയിൽ ഭാഗഭാക്കുകൾ ആക്കണം.

മലയാളത്തിലെ തങ്ങളുടെ പ്രമുഖ എഴുത്തുകാരെ( കാരികളെ എന്നും വായിക്കുക) നേരിട്ട് പരിചയപ്പെടാനും കേൾക്കാനും സംവദിക്കാനും വായനാസമൂഹത്തിനു അവസരങ്ങൾ ഒരുക്കണം. ഒപ്പം തന്നെ മറ്റു ഭാഷകളിലെ പ്രമുഖ സാഹിത്യകാരരെയും ഇടയ്ക്കിടയ്ക്കെങ്കിലും പരിചയപ്പെടാൻ അവസരമുണ്ടാക്കണം. മലയാളം എഴുത്തുകാരും ഇതരഭാഷാ എഴുത്തുകാരും തമ്മിൽ സംവാദങ്ങൾ ഉണ്ടാകണം. തങ്ങളെ സ്വാധീനിച്ച പുസ്തകങ്ങളെക്കുറിച്ചു എഴുത്തുകാരും വിവിധ സാമൂഹ്യ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരും നല്ല വായനക്കാരും സംസാരിക്കുന്ന പരിപാടികളും ആകർഷകമായിരിക്കും.

മലയാളത്തിൽ നിന്ന് ഇതര ഇന്ത്യൻ ഭാഷകളിലേയ്ക്കും തിരിച്ചും പരിഭാഷകളെ പ്രോത്സാഹിപ്പിക്കുവാൻ കാര്യശാലകളും പ്രസാധകരുമായിച്ചേർന്നുള്ള പരിപാടികളും ഉണ്ടാകണം.

കോളേജുകൾ, സർവ്വകലാശാലകൾ, സാഹിത്യ സംഘടനകൾ, വർച്ച്വൽ സാഹിത്യ ക്കൂട്ടായ്മകൾ ഇവയെ അക്കാദമിയുടെ പരിപാടികളുമായി സഹകരിപ്പിക്കണം. ഇതര സംസ്ഥാന അക്കാദമികൾ, കേന്ദ്ര സാഹിത്യ അക്കാദമി, നാഷണൽ ബുക്ക് ട്രസ്റ്റ്, വിദേശ സർവ്വകലാശാലകൾ ഇവയുടെ സഹകരണത്തോടെയും പരിപാടികൾ നടത്താൻ കഴിയും.

നമുക്കു ഒരു ചലച്ചിത്രോത്സവവും നാടകോത്സവവും കലയുടെ ദ്വൈവാർഷികിയും ഉണ്ട്, എന്നാൽ സാഹിത്യത്തെ മുന്നിൽ വെയ്ക്കുന്ന ഒരു സാംസ്കാരികോത്സവം പൊതുമേഖലയിൽ ഇല്ല. മറ്റു രണ്ടു അക്കാദമികൾ, പൊതുമേഖലയിലെ ഇതര ഭാഷാ -സാഹിത്യസ്ഥാപനങ്ങൾ ഇവയോട് ചേർന്നു അത്തരമൊന്നു എല്ലാ വർഷവും, അഥവാ രണ്ടു വർഷത്തിൽ ഒരിക്കൽ, നടത്താൻ കഴിയണം. ഇതിൽ ദേശത്തിന്നകത്തും പുറത്തുമുള്ള എഴുത്തുകാരെയും കലാകാരരെയും പങ്കെടുപ്പിക്കണം. ഇതിൽ പ്രസാധകർക്കും ആനുകാലികങ്ങൾക്കും തങ്ങളുടെ എഴുത്തുകാരെ, ഉത്സവനടത്തിപ്പുകാരുടെ അംഗീകാരത്തോടെ, സ്പോൺസർ ചെയ്യാവുന്നതാണ്.

മേൽപറഞ്ഞവയിൽ പലതും ഇന്നത്തെ അക്കാദമിക്കു ലഭിക്കുന്ന നാമമാത്രമായ ഗ്രാന്റ് കൊണ്ട് നടത്താവുന്നതല്ല. കൂടുതൽ സർക്കാർ സഹായവും സ്വകാര്യമേഖലയിൽ നിന്നുള്ള സഹകരണവും കൊണ്ടേ ഈ സ്വപ്നപദ്ധതികൾ പലതും യാഥാർത്ഥ്യമാക്കാനാവൂ. ഇതിനു ആദ്യം വേണ്ടത് ഇന്നത്തെ ഇന്ത്യൻ-ലോക സാഹചര്യത്തിൽ സാംസ്കാരികപ്രവർത്തനങ്ങളുടെ ലാവണ്യപരമെന്ന പോലെ രാഷ്ട്രീയവുമായ പ്രാധാന്യം എല്ലാവരും തിരിച്ചറിയുകയാണ്.

# ചോരക്കൊതിക്കു കൊടിനിറമില്ല



ഫ്രാങ്കോ ലൂയിസ്

**കൊ**ടികെട്ടിയ വടിവാളുകൾ. ഈ വടിവാളുകളിലെ ചോരക്കറ ഉണങ്ങാനുള്ള സാവകാശമില്ല. അത്രയും വേഗത്തിലാണ് രാഷ്ട്രീയ കുടിപ്പക കൊലപാതകങ്ങൾ. ചോരക്കൊതിക്കു കൊടിനിറ ഭേദമില്ല. ആധിപത്യവും അധീശത്വവും ഉറപ്പിക്കാൻ എതിർപാർട്ടിയുടെ അനുഭാവികളെ വെട്ടിക്കൊല്ലുന്നു. അവരിൽ പലരും നിരപരാധികളും നിരുപദ്രവകാരികളുമാണ്.

ചോരയ്ക്കു ചോര എന്ന പ്രാകൃത കുടിപ്പക രീതി തിരുത്താൻ പൊതുസേവകരെന്ന് അവകാശപ്പെടുന്ന രാഷ്ട്രീയ നേതൃത്വത്തിനു കഴിയുന്നില്ല. അവർക്ക് ഇനിയും നേരം വെളുത്തിട്ടില്ല. ഉന്നത നേതൃത്വം അറിഞ്ഞും അറിയാതേയും ആസൂത്രിതമായാണ് ഇത്തരം രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുന്നത്. കൊലപാതകങ്ങൾ ഏറേയും പരസ്പര ബന്ധിതവുമാണ്.

കഴിഞ്ഞ അഞ്ചു വർഷത്തിനിടെ അമ്പതിലേറെ രാഷ്ട്രീയ കൊലപാതകങ്ങളാണ് കേരളത്തിൽ നടന്നത്. ആർഎസ്എസും ബിജെപിയും എസ്ഡിപിഐയും സിപിഎമ്മും കോൺഗ്രസുമെല്ലാമാണ് കൊല്ലപ്പെട്ടവരും കൊല്ലിച്ചവരും. കഴിഞ്ഞ 17 വർഷത്തെ കണക്കെടുത്താൽ ഏറ്റവുമധികം കൊല്ലപ്പെട്ടതു സിപിഎം അനുഭാവികൾതന്നെ. ഇത്രയും കാലത്തിനിടെ 85 സിപിഎം പ്രവർത്തകരാണു കൊല്ലപ്പെട്ടത്. 65 ആർഎസ്എസ്, ബിജെപി പ്രവർത്തകരും കൊല്ലപ്പെട്ടു. കോൺഗ്രസുകാരും മുസ്ലിം ലീഗുകാരും

ഉൾപ്പെടെ 11 പേരും കൊല്ലപ്പെട്ടു. കമ്യൂണിസ്റ്റു പാർട്ടികൾ തമ്മിൽ ഏറ്റുമുട്ടിയുള്ള കൊലപാതകവും കോൺഗ്രസുകാർ തമ്മിൽ ഏറ്റുമുട്ടിയ കൊലപാതകങ്ങളുമുണ്ട്.

കൊല്ലപ്പെട്ടവരേന്തിയ കൊടികൾക്കു പല നിറമായിരുന്നെങ്കിലും അവരുടെയെല്ലാം രക്തത്തിന് ഒരേ നിറം. അവരെ വെട്ടിക്കൊന്നവരുടെ രക്തത്തിനും നിറഭേദമില്ല. കൊലപാതകത്തിനുശേഷം ഒളിജീവിതം, അന്വേഷണം, അറസ്റ്റ്, കോടതി എന്നിങ്ങനെ പോകും നടപടിക്രമങ്ങൾ. അതിനെല്ലാമിടയിൽ അശ്ലീല കഥകൾ മുതൽ തെളിവു നശിപ്പിക്കലും സാക്ഷികളെ വശത്താക്കലും വരെയുള്ള കഥകളുടെ പ്രളയം.

ഈ വർഷം നാലു മാസം പിന്നിട്ടപ്പോഴേക്കും ആറു രാഷ്ട്രീയ കൊലപാതകങ്ങൾ. അവസാനത്തേത് പാലക്കാട് ജില്ലയിലാണ്. പാലക്കാട് എലപ്പുള്ളിയിൽ പോപ്പുലർ ഫ്രണ്ട്, എസ്ഡിപിഐ പ്രവർത്തകൻ സുബൈറിനെ ആർഎസ്എസുകാർ കൊലപ്പെടുത്തി 24 മണിക്കൂറിനകം പാലക്കാട്ടെ മേലേമുറിയിൽ ആർഎസ്എസ് നേതാവ് ശ്രീനിവാസനെ പോപ്പുലർ ഫ്രണ്ട്, എസ്ഡിപിഐ പ്രവർത്തകർ വെട്ടിക്കൊന്നു. ഏപ്രിൽ 15 ന് ഉച്ചയ്ക്കാണ് ആദ്യ കൊലപാതകം നടന്നതെങ്കിൽ പ്രതികാരക്കൊലയായ രണ്ടാമത്തേത് പിറ്റേന്ന് ഉച്ചയോടെത്തന്നെയായിരുന്നു.

കഴിഞ്ഞ വർഷം പാലക്കാട് കൊല്ലപ്പെട്ട ആർഎസ്എസ് പ്രവർത്തകൻ സഞ്ജിത്തിനെ കൊലപ്പെടുത്തിയതിനു പ്രതികാരവുമായാണ് സഞ്ജിത്തിന്റെ അടുത്ത സുഹൃത്തും കൂട്ടുകാരും വടിവാളുകളുമായി ഇറങ്ങത്തിരിച്ച് സുബൈറിനെ വെട്ടിക്കൊന്നത്. സഞ്ജിത്ത് കൊലക്കേസിൽ പോലീസ് സുബൈറിനെ പോലീസ് ചോദ്യം ചെയ്തിരുന്നു. എന്നാൽ കൊലക്കേസിൽ പ്രതിയാക്കിയിരുന്നില്ല. വധഭീഷണിയുണ്ടെന്ന് പോലീസിൽ പരാതി നൽകിയിരുന്നു. പതിവുപോലെ പോലീസ് അതു ഗൗനിച്ചതുമില്ല. അങ്ങനെയാണ് ആ കൊലപാതകം സംഭവിച്ചത്.

പിറ്റേന്ന് രാവിലെ സുബൈറിന്റെ മൃതദേഹം പോസ്റ്റുമോർട്ടം ചെയ്യാൻ തുടങ്ങിയപ്പോഴേക്കും എസ്ഡിപിഐ സംഘം വടിവാളുകളുമായി കുതിച്ചു. മേലേമുറിയിലെ ശ്രീനിവാസന്റെ കടമുറിയിലേക്ക് ഇരച്ചുകയറി വെട്ടിക്കൊന്നു.

അതിനു മുമ്പ് മാർച്ച് പത്തിന് പാലക്കാട് ജില്ലയിലെത്തന്നെ തരൂരിൽ ബിജെപി പ്രവർത്തകൻ അരുൺകുമാറിനെ സിപിഎം പ്രവർത്തകർ വെട്ടിക്കൊന്ന സംഭവം ഉണ്ടായിരുന്നു. കണ്ണൂർ തലശേരിയിൽ സിപിഎം പ്രവർത്തകൻ ഹരിദാസിനെ ഫെബ്രുവരി 21 നാണ് ബിജെപി ആർഎസ്എസ് പ്രവർത്തകർ കൊലപ്പെടുത്തിയത്.

എറണാകുളം കിഴക്കമ്പലത്ത് ട്വന്റി 20 പ്രവർത്തകൻ സി.കെ. ദീപുവിനെ ഫെബ്രുവരി 18 ന് സിപിഎം പ്രവർത്തകർ വെട്ടിക്കൊന്നു. ഇടുക്കി ഗവൺമെന്റ് എൻജിനിയറിംഗ് കോളജിലെ എസ്എഫ്ഐ പ്രവർത്തകൻ ധീരജ് രാജേന്ദ്രനെ ജനുവരി പത്തിനു കൊലപ്പെടുത്തി. യൂത്ത് കോൺഗ്രസുകാരാണ് കേസിലെ പ്രതികൾ.

കഴിഞ്ഞ വർഷം രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ പത്തു പേരാണ് കൊല്ലപ്പെട്ടത്.

ഇങ്ങനെ രക്തക്കറകൊണ്ട് സ്കോർ ബോർഡ് മെച്ചപ്പെടുത്താമെന്നാണോ രാഷ്ട്രീയപാർട്ടികൾ കരുതുന്നത്. ഓരോ കുടുംബത്തെ വഴിയാധാരമാക്കുകയും കൊലയാളികളെ ദശാബ്ദങ്ങളോളം ജയിലിൽ അടയ്ക്കുകയും ചെയ്തതുകൊണ്ട് എന്തുനേട്ടം? അധികാരക്കസേര വെട്ടിപ്പിടിക്കാൻ രക്തസാക്ഷികളുടെ പട്ടിക വലുതാക്കിയും ആ ചുടുചോരയിൽ നീന്തിക്കളിക്കുകയും വേണോ? നേതാക്കളും അണികളുമെല്ലാം ഇക്കാര്യത്തിൽ എത്രയും വേഗം തീരുമാനമെടുക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയ കൊലപാതകങ്ങളെന്നല്ല, എന്തു കൊലപാതകമായാലും അരുതാത്തതുതന്നെ.

## നികുതി കൂട്ടുന്നു

143 ഉൽപന്നങ്ങളുടെ നികുതി വർധിപ്പിക്കാൻ നീക്കം. ഇതു സംബന്ധിച്ചു സംസ്ഥാനങ്ങളുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ് കേന്ദ്ര ജിഎസ്ടി കൗൺസിൽ. ഇതുവരെ നികുതി ഇല്ലാതിരുന്ന പപ്പടത്തിനും ശർക്കരയ്ക്കും നികുതി ഈടാക്കാനാണു ശുപാർശ. വാച്ച്, ടിവി, കണ്ണട ഫ്രെയിം ചോക്കളേറ്റ് തുടങ്ങിയവയുടെ നികുതി വർധിപ്പിക്കണമെന്നാണു നിർദേശം. സംസ്ഥാനങ്ങൾക്കുള്ള ജിഎസ്ടി നഷ്ടപരിഹാരം വർധിപ്പിക്കണമെന്ന് സംസ്ഥാനങ്ങൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്. എന്നാൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം വെട്ടിക്കുറയ്ക്കുമെന്നാണ് കേന്ദ്ര സർക്കാർ മുന്നറിയിപ്പു നൽകിയിട്ടുള്ളത്. എന്തായാലും




നികുതി വർധിപ്പിച്ച് വരുമാനം കൂട്ടാനാണ് നീക്കം.

പപ്പടം, ശർക്കര തുടങ്ങിയവയ്ക്ക് അഞ്ചു ശതമാനം ജിഎസ്ടി ചുമത്താമെന്നാണ് നിർദേശം. നേരത്തെ 12 ശതമാനത്തിലേക്കു കുറച്ച പല ഉൽപന്നങ്ങളുടേയും നിരക്ക് 28 ശതമാനം നിരക്കിലേക്ക് തിരിച്ചെത്തിക്കും. പവർ ബാങ്കുകൾ, വാച്ചുകൾ, സ്യൂട്ട് കേസുകൾ, 32 ഇഞ്ചിന് താഴെയുള്ള കളർ ടിവികൾ, ഹാൻഡ് ബാഗുകൾ, പെർഫ്യൂം, ചോക്ലേറ്റ്, ച്യൂയിങ്ഗം, വാൾനട്ട്, മദ്യമൊഴികെയുള്ള ബീവറേജസ്, കണ്ണട ഫ്രെയിം, സിറാമിക് സിങ്കുകൾ തുടങ്ങിയവ 28 ശതമാനം നിരക്കിൽ നിന്ന് 12 ശതമാനം നിരക്കിലേക്ക് താഴ്ത്തിയിരുന്നു. ഇവയെല്ലാം വീണ്ടും 28 ശതമാനം നിരക്കിലേക്ക് ഉയർത്താനാണ് ശിപാർശ.

## അയലത്തെ കടക്കെണി

കടക്കെണിയിൽ മുങ്ങിയ അയൽ രാജ്യങ്ങൾക്കു നടുവിലാണു നാം. ഒപ്പം അധികാര കലഹങ്ങളും ഭരണം പിടിച്ചെടുക്കലും. സാമ്പത്തിക പ്രതിസന്ധിയിൽ വട്ടംകറങ്ങുന്ന പാക്കിസ്ഥാനിൽ ഭരണമാറ്റം. കടക്കെണിയിലും കടുത്ത ക്ഷാമത്തിലും മുങ്ങിത്തുടിക്കുന്ന ശ്രീലങ്കയിൽ മന്ത്രിപ്പടയെല്ലാം രാജിവച്ചു. നേപ്പാളിലും പ്രതിസന്ധിതന്നെ.

എല്ലായിടത്തും കുഴിബോംബുകൾപോലെ ചൈനയുടെ കടക്കെണി നയതന്ത്രം. ഈ അയൽ രാജ്യങ്ങളെ ചൈന കോളനിവത്കരിക്കുന്നതും ആ രാജ്യങ്ങൾ തകർന്ന മരുന്നതും ഇന്ത്യക്കു ഭീഷണിയാണ്.

പട്ടാളമേധാവികളും സ്വേച്ഛാധിപതികളുമെല്ലാം ചവിട്ടിമെതിച്ച പാക്കിസ്ഥാനിൽ പ്രധാനമന്ത്രി ഇമ്രാൻഖാനെ അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കി പ്രതിപക്ഷ നേതാവ് ഷഹബാസ് ഷെരീഫ് പ്രധാനമന്ത്രിയായി. മൂന്നുതവണ പാക്കിസ്ഥാൻ പ്രധാനമന്ത്രിയായിരുന്ന നവാസ് ഷെരീഫിന്റെ സഹോദരനാണ് ഇദ്ദേഹം.

സഹോദരനായ നവാസ് ഷെരീഫിനെപ്പോലെ അഴിമതിക്കാര്യങ്ങളിൽ ഷെഹബാസും കുപ്രസിദ്ധനാണ്. ഭരണത്തിൽ വന്നാൽ പ്രതിയോഗിയെ ജയിലിലടയ്ക്കുകയോ നാടു കടത്തുകയോ ചെയ്യുന്നതാണു പാക്കിസ്ഥാനിലെ രീതി. അത് ആവർത്തിക്കും. ഇമ്രാൻഖാനെ ജയിലിലടച്ചില്ലെങ്കിൽ നാടുകടത്തും. പാക്കിസ്ഥാനിൽ പട്ടാളം വെറും കാഴ്ചക്കാരല്ല. യഥാർത്ഥ ഭരണം അവരുടെ കൈകളിലാണ്.

ചൈനയുടെ സഹായത്തോടെ 2017 മുതൽ വൻ വികസന വികസന പദ്ധതികൾ നടപ്പാക്കുന്ന രാജ്യമാണ് പാക്കിസ്ഥാൻ. സാമ്പത്തിക ഇടനാഴി അടക്കമുള്ള പദ്ധതികൾ ഇതിന്റെ ഭാഗമാണ്. ചൈനയുമായി ആറായിരം കോടി ഡോളറിന്റെ പുതിയ ഇടനാഴി കരാർ ഈയിടെയാണ് പാക്കിസ്ഥാൻ ഒപ്പുവച്ചത്.

ശ്രീലങ്കയിലാകട്ടേ, പട്ടിണിയും പരിവട്ടവും സഹിക്കാനാകാതെ അനേകം പേർ ഇന്ത്യയിലേക്ക് വള്ളങ്ങളിലും ചങ്ങാടങ്ങളിൽ പോലും അഭയാർത്ഥികളായി വന്നുകൊണ്ടിരിക്കുകയാണ്. ഇതിനകം നൂറോളം പേർ എത്തിക്കഴിഞ്ഞു. ചൈന കടക്കെണി മൈനുകൾ പാകി സാമ്പത്തികമായി തകർത്ത രാജ്യമെന്നാണ് ലോകരാജ്യങ്ങൾ ശ്രീലങ്കയെ വിശേഷിപ്പിക്കുന്നത്.

പ്രസിഡന്റ് ഗോട്ടബായ രാജപക്സെയും പ്രധാനമന്ത്രി മഹീന്ദ രാജപക്സെയും സ

ഹോദരങ്ങളാണ്. ഇരുവരുടേയും മക്കൾ മന്ത്രിമാരായിരുന്നു. പക്ഷേ മന്ത്രിമാരെല്ലാം രാജിവച്ചു. മൂന്നണി സർക്കാരിനുണ്ടായിരുന്ന പിന്തുണ ഘടകകക്ഷികൾ പിൻവലിച്ചു. ഇതോടെ ഭൂരിപക്ഷം ഇല്ലാതായി. സാമ്പത്തിക പ്രതിസന്ധി ഘട്ടത്തിൽ സർവകക്ഷി സർക്കാർ രൂപീകരിക്കണമെന്ന പ്രസിഡന്റിന്റെ നിർദേശം . അനുജൻ മഹീന്ദ തന്നെ പ്രധാനമന്ത്രി.

ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധിയും വിലക്കയറ്റവും ക്ഷാമവുമാണ് ശ്രീലങ്കയിൽ.



കോവിഡ് വ്യാപനം മൂലം രണ്ടു വർഷമായി മുഖ്യ വരുമാന സ്രോതസായ ടൂറിസം മേഖല തകർന്നതാണ് തകർച്ചയുടെ പ്രധാന കാരണം. ശ്രീലങ്കയെ ഇങ്ങനെയൊരു പതനത്തിലേക്കു നയിച്ചത് പത്തു പതിനഞ്ചു വർഷമായുള്ള സാമ്പത്തിക നയങ്ങളാണ്. തമിഴ്പുലികളുടെ ആക്രമണങ്ങളിൽ തകർന്ന ശ്രീലങ്കയെ പുനരുദ്ധരിക്കുന്നതിന് 12 വർഷമായി ലോകരാജ്യങ്ങളിൽനിന്ന് കോടിക്കണക്കിനു രൂപയാണ് വായ്പയെടുത്തത്. അങ്ങനെ റോഡും പാലങ്ങളും പണിതു. ചൈനയിൽനിന്ന് കോടികളുടെ വായ്പയെടുത്തു. വായ്പ അനുവദിച്ചപ്പോൾ ഒപ്പുവച്ച കരാറനുസരിച്ച് ചൈനയുടെ യുദ്ധവിമാനങ്ങൾക്കു ശ്രീലങ്കയിലെ എല്ലാ വിമാനത്താവളങ്ങളിലും ലാൻഡ് ചെയ്യാനും ഇന്ധനം നിറയ്ക്കാനും അനുമതി നൽകി.

രണ്ടേകാൽ കോടി ജനങ്ങളുള്ള ശ്രീലങ്കയുടെ ജിഡിപി 8,070 കോടി ഡോളറാണ്. ജിഡിപി വളർച്ച മൈനസ് 1.30 ശതമാനം. ബജറ്റിന്റെ ഇരട്ടിയാണ് ചെലവ്. വിദേശ കടബാധ്യത 5,111.70 കോടി ഡോളർ. വ്യാപാരക്കമ്മി മൈനസ് 10,850 ലക്ഷം ഡോളർ.

ഇന്ത്യയുടെ വടക്കേയറ്റത്തുള്ള നേപ്പാളും സാമ്പത്തിക പ്രതിസന്ധിയിലാണ്. വിദേശ നാണ്യ ശേഖരം തകർന്നതുതന്നെയാണു മുഖ്യകാരണം. ശ്രീലങ്കയേപ്പോലെ മുഖ്യ വരുമാനം വിനോദസഞ്ചാരവും പരിമിതമായ ചരക്കുകളുടെ കയറ്റുമതിയുമാണ്. കോവിഡ്മൂലം രണ്ടു വർഷം വിനോദസഞ്ചാരവും കയറ്റുമതിയും അവതാളത്തിലായി. ഇതോടെയാണ് നേപ്പാളിലും സാമ്പത്തിക പ്രതിസന്ധി ആരംഭിച്ചത്. നേപ്പാളിന്റെ വിദേശ നാണ്യകരുതൽ കഴിഞ്ഞ വർഷം ജൂലൈയിൽ 1175 കോടി ഡോളറായിരുന്നു. ഈ വർഷം ഫെബ്രുവരിയിൽ 975 കോടി ഡോളറായി കുറഞ്ഞു.

കമ്യൂണിസ്റ്റു രാജ്യങ്ങളെന്നു പറയപ്പെടുന്ന ചൈന നേപ്പാൾ കോമ്രേഡുകൾ പരസ്പരം ലാൽസലാം വിളിച്ച് അനേകം പദ്ധതികളാണ് നേപ്പാളിൽ നടപ്പാക്കുന്നത്. 2015 ലെ ഭൂകമ്പത്തിൽ തകർന്ന നേപ്പാളിനെ പുനരുദ്ധരിക്കാൻ പിറ്റേ വർഷംമുതൽ ചൈന കോടികളാണ് വായ്പ നൽകിയത്. അനേകം റോഡുകൾ, റെയിൽവേ, ഊർജോൽപാദന പ്ലാന്റുകൾ തുടങ്ങിയവ നിർമിച്ചു. ചൈനയോടു ചേർന്നു കിടക്കുന്ന ഏതാനും പ്രദേശങ്ങൾ ചൈന കൈയേറുകയും ചെയ്തിട്ടുണ്ട്.

ചെറുരാജ്യങ്ങളെ കടക്കെണിയിലാക്കി കോളണിവത്കരിക്കുന്ന കടക്കെണി നയതന്ത്രമാണ് ചൈന ഈ രാജ്യങ്ങളിലെല്ലാം പയറ്റിക്കൊണ്ടിരിക്കുന്നതെന്നാണ് അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും ആരോപിക്കുന്നത്.

എന്തായാലും അയൽ രാജ്യങ്ങളിലെ പട്ടിണി നിലവിളിയും അധികാര കലഹവുമെല്ലാം ഇന്ത്യക്കു തലവേദനതന്നെയാണ്. ചൈന ആ രാജ്യങ്ങളെ കൂടുതൽ കോളനിവത്കരിക്കുന്നതു മൂലമുള്ള ഭീഷണി വേറേയും. ജാഗ്രത വേണമെന്നു സാരം. ●

# നാലു കവിതകൾ

## വരം

.....................
അകത്താരാണെന്ന്
പുറത്തു നിന്നു നീ
പുറത്താരാണെന്ന്
അകത്തുനിന്നു ഞാൻ
അകത്തും പുറത്തും നീ തന്നെ !
ഞാൻ നാവു നീട്ടുമീ
താക്കോൽപ്പഴുതിലൂടെയല്ല
വാതിൽ മലർക്കെ തുറന്നെന്റെ
ജീവനിൽ നിറയ്ക്കുക
നിന്റെ ചിരി മധുരവും
കണ്ണീരിന്റെ പുളിപ്പും !
...................................

## മഴവില്ല്

ഒരിക്കലെങ്കിലും
കുലയ്ക്കണമെന്നും
ഒരമ്പെങ്കിലും
തൊടുക്കണമെന്നും
ആഗ്രഹമില്ലാഞ്ഞിട്ടല്ല
പക്ഷേ
ഇപ്പോഴും
മാനം നോക്കിയിരിപ്പാണ് !
.......................................

## നിഴൽ

ഞാൻ കൂടെയുണ്ടെന്ന്
നിനക്കും
നീ കൂടെയുണ്ടെന്ന്
എനിയ്ക്കുമറിയാം
ഒരിയ്ക്കലും
ഒന്നിക്കാനാവില്ലെന്നും!
..................................

## തീർപ്പുകൾ

.....................
എന്നുടെ നിലവിളി
വേറിട്ടു കേട്ടുവോ എന്ന്
ചോദിക്കാൻ ബാക്കിവെച്ചില്ല
അപ്പോൾ തന്നെ
തീർത്തു കളഞ്ഞു !
....................................



യൂസഫ് നടുവണ്ണൂർ



# അഞ്ച് മിന്നൽ കവിതകൾ



ഷംല ജഹ്ഫർ

## മേലങ്കി

-----------

നല്കുന്ന പരിരക്ഷ
ഭാരമാണെന്ന്
തോന്നിത്തുടങ്ങിയാൽ
അഴിച്ചുകളയുകയേ
തരമുള്ളൂ .

## ഇഷ്ടക്കേട്

--------

ഉത്തരത്തിൽ പല്ലി
മൂലയിൽ പാറ്റ
ഊണിൽ  കല്ല്
വാക്കിനെന്തൊരു കയ്പ്പ് .

## കഴിവ്

----------

കടുവയിൽ നിന്ന്
കുതറിയോടി
സ്രാവിൽ നിന്ന്
വഴുതി മാറി
കുടിച്ചുവറ്റിച്ചത്
ഒരു കൊതുകും
തിന്നുതീർത്തത്
ഒരീച്ചയുമായിരുന്നു .

## പാളം

-------

കൊടുങ്കാറ്റിലും
ഒരിളക്കവുമില്ലാത്തതായിരുന്നു
അവളുടെ വീട് .
വീട്ടിലേക്കുള്ള വഴികൾ നിറയെ
ചിറകടിച്ചു പറക്കുന്ന
ചിത്ര ശലഭങ്ങളായിരുന്നു .
ഇന്നിപ്പോൾ അവളുടെ
വീടിന് കുറുകെ
ജീവിതത്തിനും
മരണത്തിനും
ഇടയിലെ പാളമാണ് .
വഴികളിൽ
അസ്വാസ്ഥ്യത്തിന്റെ
ചൂളൻ വിളികളും .

## അകാലം

-------

പെരുമഴയിൽ
ഒലിച്ചുപോവാനോ
 കിളിർക്കാനോ
ആവാതെ
കെട്ടുപോവുന്നു
അകാലത്തിൽ
വിതച്ച വിത്തുകൾ





# സ്വപ്നാടനം



പി. ശ്രീകുമാരി

**ഗൗ**രി ഇന്നു പതിവില്ലാതെ വൈകിയിട്ടാണ് ഉണർന്നതെങ്കിലും ദിനചര്യകൾക്കു പതിവിൽ കൂടുതൽ ഉത്സാഹമായിരുന്നു. ഏറെനാളായി തീരെ ഉഷാറില്ലാതെ എല്ലാറ്റിനോടും വെറുപ്പും ദേഷ്യവുമായിട്ടങ്ങനെ.....

ഇന്ന് ഗൗരിയുടെ പ്രാർത്ഥന നിത്യേന വിളിക്കാറുള്ള ഉണ്ണിക്കണ്ണൻ കേട്ടു. വീട്ടിലുള്ളവർ ആരും തന്നെ ഗൗരിയോട് സംസാരിക്കുന്നത് നന്നേ കുറവ്. ആർക്കും നേരമില്ല തനിക്ക് കേൾവിക്കുറവ് കാരണം അവർക്ക് ഒച്ചയെടുക്കാൻ വയ്യാത്രെഅപ്പോൾ പിന്നെ പറന്നകന്ന പ്രിയതമനല്ലാതെ വേറെ ആരാണ് ഉള്ളത്? നിത്യവും രണ്ടുനേരവും വിളക്കിന് മുന്നിൽ ഉണ്ണിക്കണ്ണനെ വിളിച്ചു പ്രാർത്ഥിക്കും. ഒന്നുകിൽ അദ്ദേഹത്തിന്റെ അടുത്ത് എത്രയും പെട്ടെന്ന് എത്തിക്കണം. അല്ലെങ്കിൽ സ്വപ്നത്തിലെങ്കിലും

ഒന്ന് സമാഗമിക്കണം..

മൂന്നാലു വർഷം മുൻപ് മരിച്ചുപോയ ഭർത്താവ് കൃഷ്ണ മേനോൻ വല്ലപ്പോഴും മാത്രമേ ഗൗരിയുടെ സ്വപ്നങ്ങളിൽ വരാറുള്ളൂ. ഗൗരിക്ക് ഉറക്കത്തിനും ദാരിദ്ര്യംഅപ്പോൾ സ്വപ്നം കാണുന്നതും നന്നേ കുറവ്. ഇനി അദ്ദേഹം സ്വപ്നത്തിൽ വന്നാൽ തന്നെ തികച്ചും ഒരുസ്വപ്നം പോലെ മിന്നായത്തിൽ മറയും. ഒന്നു മിണ്ടാൻ പോലും നിൽക്കാതെ...

നല്ലകാലത്തും അദ്ദേഹം നല്ല തിരക്കുള്ള ആളായിരുന്നു എന്നാണ് സംസാരം. പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്നു. ഒരു പഞ്ചായത്തിലെ ഏറ്റവും ഉയർന്നതും തിരക്കുള്ളതുമായ ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഓഫീസർ ആണെന്നാണ് സ്വയം ചിന്തനം.ഔദ്യോഗിക തിരക്കുകൾക്കിടയിലും നാട്ടിലെ എല്ലാവർക്കും വേണ്ടപ്പെട്ട സഹകാരി... അധ്യാപകനാകാതെ തന്നെ എല്ലാവരുടെയും മാഷായ ഒരു പരോപകാരി...

ഗൗരി അന്നും ഇന്നും മാഷ്ടെ തിരക്കിനെ ഒട്ടൊരു പരിഹാസത്തോടെ കുറ്റപ്പെടുത്തും. പക്ഷെ കൃഷ്ണമേനോന് അതൊന്നും ഏഴയലത്തുപോലും ഏശില്ല. ഇതൊക്കെയാണെങ്കിലും അവർ മാതൃകാ ദമ്പതികൾ ആയിരുന്നു എന്നാണ് ഗൗരിയുടെ പക്ഷം.

പുലർച്ചെ ഗുളിക കഴിച്ച് ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും സഹസ്രനാമം ചൊല്ലിയും എപ്പോഴോ ഒന്നു മയങ്ങി... അപ്പോഴാണ് മുഖം തരാതെ അദ്ദേഹം കാതോട് ചേർന്നു പറഞ്ഞുപോയത് "ഇന്ന് ഞാൻ തീർച്ചയായും വരാം.. കുറെ നേരം കേൾവിക്കാരനായി ഇരിക്കാം "എന്ന്. ഇത് മിഥ്യയോ യഥാർഥ്യമോ? പെട്ടെന്ന് ഉറക്കം വിട്ട ഗൗരി എണീറ്റിരുന്നു.

അടുക്കളയിൽ നിന്നും വെളുത്തുള്ളി എണ്ണയിൽ മൂക്കുന്ന മണം വീടാകെ നിറഞ്ഞു. ഗൗരിക്ക് മനം പിരട്ടി.. കുട്ടന്റെ മക്കൾക്ക് ഓൺലൈൻ ക്ലാസും ആരംഭിച്ചിട്ടുണ്ട്. മനം പിരട്ടൽ മാറാനായി അടച്ചിട്ട ജനാലകൾ ബലം പ്രയോഗിച്ചു തുറന്നു. കുറേനേരം വെളിയിലേക്ക് നോക്കിയിരുന്നു. നേരം നന്നേ പുലർന്നിട്ടുണ്ട്.പതിവിൽ കവിഞ്ഞു ഉറങ്ങി

യിട്ടും ആരും തന്നെ ഉണർത്താനെത്തിയില്ല.... തെല്ലിട നിരാശ തോന്നിയെങ്കിലും സ്വപ്നത്തിന്റെ ഊർജ്ജത്തിൽ പതിവിലേറെ ഉത്സാഹവതിയായി..

ക്ലോക്കിനൊപ്പം ചലിക്കുന്ന ഗൗരി ഊണുകഴിഞ്ഞ് ഉമ്മറത്തിരിക്കുകയാണ്. ഉച്ചവെയിലിൽ അലസമായി പെയ്യുന്ന മഴയിൽ മുറ്റത്ത് വിലങ്ങനെ താഴ്ന്നു കിടക്കുന്ന കേബിൾ വയറിലൂടെ വെള്ളത്തുള്ളികൾ അലസമായി അങ്ങോട്ടും ഇങ്ങോട്ടും പായുന്നുണ്ട്. അവക്കിടയിലൂടെ പാറി കളിക്കുന്ന മഴത്തുമ്പികൾ!ഗേറ്റിനരികെയുള്ള ചെമ്പരത്തിയിൽ നിറയെ ചുവന്നുതുടുത്ത പൂക്കൾ.. പൂവിതളുകളിൽ മഴത്തുള്ളികൾ കിന്നാരം പറയുന്നുണ്ടോ? വടക്കേ അതിരിലെ ഗന്ധരാ ജനിൽനിന്ന് അധിക സുഗന്ധം പരക്കുന്നുണ്ടോ...?

വെളുപ്പിനെ കണ്ട സ്വപ്നമല്ലേ .... എന്തായാലും ഫലിക്കാതെ വരില്ല. സ്വപ്നം ഫലിക്കാതിരിക്കാൻ കേൾവിക്കാരായി ആരും ഇല്ല. "ആരെങ്കിലും കേൾക്കാനുണ്ടെങ്കിലല്ലേ പറയേണ്ടതുള്ളൂ "ഗൗരി ആരോടെന്നില്ലാതെ പറഞ്ഞ്, ചുറ്റുംനോക്കി ഊന്നുവടിയിൽ കൈത്തലം അമർത്തി കസേരയിൽ ഒന്നുകൂടി അമർന്നിരുന്നു..

ഏറെനേരം പൂമുഖത്തിരുന്ന ഗൗരി ഉച്ചയൂണിന്റെ ആലസ്യത്തിൽ മയങ്ങാനായി കിടന്നതാണ്. എന്തോ കണ്ണുകൾ അടയുന്നില്ല. ഉടുമുണ്ടിന്റെ വക്കു തെരുത്തുകൊണ്ട് ചുമരിലെ മാഷ്ടെ ചിത്രത്തിൽ കണ്ണുംനട്ട് കിടന്നു. അദ്ദേഹത്തോട് എന്തെങ്കിലും പറഞ്ഞാൽ തനിക്ക് മറ്റെന്തോ ആണെന്നാണ് മക്കളുടെ അടക്കം പറച്ചിൽ..!

ചന്നംപിന്നം പെയ്യുന്ന മഴയുടെ ശീതം ജനലിലൂടെ അകത്തേക്കടിച്ചു. തണുപ്പുതോന്നിയ ഗൗരി കൈനീട്ടി ജനൽ പാളിയിൽ ഒന്ന് വലിച്ചടച്ചു. തുറന്ന മറുപാളിയിലൂടെ പുറം കാഴ്ച്ചകൾ കണ്ടിരുന്നു.മഴയത്ത് കലപില കൂട്ടുന്ന കരിയിലക്കിളികളുടെ ഇടയിലേക്ക് എവിടെ നിന്നോ ഒരു പൂച്ച ചാടിപ്പോയി.. കൂട്ടം കൂടിനിൽക്കുന്ന കൃഷ്ണ തുളസിയുടെ മണം മഴയിൽ അലിഞ്ഞു ഇളം കാറ്റിനൊപ്പം മുറിയിൽ പരന്നു.

ചെവിമടക്കിൽ കൂവളത്തില ചൂടി ചുമലിൽ അലക്കിയ തോർത്തുമുണ്ട് പുതച്ച് കൃഷ്ണമേനോൻ മാഷ് ഗൗരിയുടെ നേരെ പാഞ്ഞു വന്നു പതിയെ ചാരത്തിരുന്നു.. അദ്ദേഹം അവരുടെ തലയോട് ഒട്ടിയ മുടിയിഴകൾ വകഞ്ഞു വരണ്ടുണങ്ങിയ നെറ്റിയിലും കുഴിഞ്ഞു വിളർത്ത കണ്ണുകളിലുംതഴുകി..

'നന്നായി പനിക്കുന്നുണ്ടല്ലോ? കുട്ടികൾ ആരും മരുന്നൊന്നും തന്നില്ലേ?'

ഇടറിയ ശബ്ദംകേട്ട് ഞെട്ടിയ ഗൗരി അദ്ദേഹത്തിന്റെ കൈകൾ ചേർത്തുപിടിച്ചു.. പരുപരുത്തിരുന്ന ഉള്ളം കൈകൾക്ക് നല്ല മാർദ്ദവം കണ്ണുകളുടെ തീക്ഷണത കൂടിയോ? നെറ്റിയും

കവിൾത്തടങ്ങളും നന്നായി ശോഭിക്കുന്നുണ്ട്!വിണ്ണിലെ വാസം അദ്ദേഹത്തിനെ ഒരു ഗന്ധർവ്വനാക്കിയിട്ടുണ്ട്!വല്ലാതെ മാർദ്ദവമുള്ള കൈകൾ അവർ മുറുകെ ചേർത്തു പിടിച്ചു പതിയെ എഴുനേൽക്കാൻ ശ്രമിച്ചു.

"വേണ്ട...അവിടെ കിടന്നോളൂ '

മാഷ് ഗൗരിയോട് ചേർന്നിരുന്നുകൊണ്ട് അവരുടെ നിറം മങ്ങി കരിമ്പനടിച്ച മേൽമുണ്ടിലും കിടക്കവിരിയിലും ശ്രദ്ധിച്ചു. അവരുടെ കരിയെഴുതാത്ത കണ്ണുകളും കുറിയില്ലാത്ത നെറ്റിയും അദ്ദേഹം ആദ്യമായിട്ടാണ് കാണുന്നത്.

"എന്താണിങ്ങനെ നോക്കുന്നത്?പഴയ ചന്ദന മുട്ടിയും, കുങ്കുമ ചെപ്പും,മഷിച്ചിമിഴുംഎല്ലാം അവർ എടുത്തു കളഞ്ഞു. പൊടിപിടിച്ചു പഴകിയതാണെങ്കിലും അവയെല്ലാം എനിക്ക് പ്രിയപ്പെട്ടതായിരുന്നു.

നിനച്ചിരിക്കാതെ പോയപ്പോൾ കൂട്ടിനായി കൊണ്ടു വന്നതല്ലേ മകനെ കുടുംബസമേതംകാലശേഷം വീട് വിട്ടുകൊടുത്താൽ മതി എന്ന് പറഞ്ഞിരുന്നതല്ലേ?അതുതന്നെ ഞാനും ചെയ്തുള്ളൂ...മക്കൾ മൂവരും എനിക്കെതിരെ ഒറ്റകെട്ടായി!അവരിപ്പോ പ്രമോഷനായി അമ്മായിഅമ്മയും അമ്മൂമ്മയും ഒക്കെ ആണ്. പ്രീഡിഗ്രി പോലും പാസ്സാകാത്ത ജയ കഴിഞ്ഞ ദിവസം പറയുകയാണ്, എനിക്ക് ലോകവിവരം ഇല്ലെന്ന് . അവളെയും കുട്ടികളെയും മറ്റുള്ളവർക്ക് ഒപ്പമെത്തിക്കാൻ നമ്മൾ പണിപ്പെട്ടത് ഓർമയില്ലേ? മേലൊന്നു വെള്ളമൊഴിക്കാനുള്ള പെടാപാട് എനിക്കല്ലേ അറിയൂ.. കുളിക്കുമ്പോൾ ഉടുതുണിയും കഴുകണമെന്നാണ് മൂത്തവളുടെ കല്പന!വയറുകാളൽ ഉള്ളതുകൊണ്ട് ആരും വിളിക്കാതെയും വിളമ്പാതെയും മേശപ്പുറത്തുള്ള ഭക്ഷണം എടുത്തുകഴിക്കും..'

ഗൗരിയുടെ വരണ്ട വായിൽ നിന്നും പ രിഭവങ്ങൾ പുറത്തേക്ക് ഒഴുകി. ...

'എനിക്ക് വയ്യാണ്ടായശേഷം ഇവിടെ ശീവോതി വെക്കലും ഇല്ല. ഭരണം അവരുടെ അല്ലെ? പറഞ്ഞു വെച്ചപോലെതന്നെ വീടും തൊടിയും മൂന്നായി പകുത്തുകൊടുത്തു. ന മ്മൾ നട്ടു നനച്ച തൈത്തെങ്ങും മധുരപ്ലാവും എല്ലാം വെട്ടിമാറ്റി, ഇപ്പോൾ പുതിയ വീടുകളുടെ മരാമത്ത് തകൃതിയായി നടക്കുകയാണ്..താമസിക്കുന്ന വീടുകൾക്ക് പുറമെ എല്ലാവർക്കും ഓരോവീടും കൂടിയായി. ന ടക്കട്ടെ!അവരുടെ ഉയർച്ചയിൽ സന്തോഷം തന്നെ...പക്ഷെ എന്നെ എന്തിനു ഒറ്റപ്പെടുത്തി! ശീവോതിയെല്ലാം ഇനി ആ വീടുകളിൽ മതിയെന്നാകും... '

ഗൗരി ഇടയ്ക്കുനിർത്തി.... കൃഷ്ണ മേനോൻ ഗൗരിയെ കണ്ണിമ അനക്കാതെ നോക്കി ചേർന്നിരുന്നു. അവരുടെ മെലിഞ്ഞുണങ്ങിയ കൈകൾ അദ്ദേഹത്തെ ചുറ്റി... ഗൗരി തുടരുകയാണ്...

'വിണ്ണിലേക്ക് മടങ്ങും മുമ്പ് പെൻഷൻ ബുക്കൊന്നു നോക്കിക്കോളൂ. ഡി. എ കൂടിയത് പത്രത്തിൽ കണ്ടതല്ലാതെ അതൊന്ന് നോക്കാനോ പറഞ്ഞു തരാനോ കുട്ടന് നേരം ഇല്ലത്രെഅതൊക്കെ അറിയണത് എനിക്കൊരു സന്തോഷം തന്നെയാണ്.. പക്ഷെ ഞാൻ അതൊന്നും അറിയേണ്ടന്നാണ് മക്കൾ പറയുന്നത്.

നാട്ടിൽ മുഴുവൻ മൊബൈൽ ഫോണായപ്പോൾ നമ്മുടെ ഫോൺ ആർക്കും വേണ്ടാതായി. അത് കേടായകാരണം എനിക്ക് വേറെ ആരേം ഒട്ട് വിളിക്കാനും പറ്റാതായി. കോവിഡെന്നോ കൊറോണയെന്നോ ഉള്ള നടപ്പ് സൂക്കേടു കാരണം ഒരാളും ഇങ്ങട്ടു വരാണ്ടും ആയി. ഞാനും മരിച്ചു കഴിഞ്ഞൂട്ടൊ...നല്ല ശ്വാസം ഉള്ളപ്പോൾ മക്കൾക്ക് ന മ്മളെ വേണ്ടാതായാൽ പിന്നെ നമ്മൾ മരിച്ചുകഴിഞ്ഞില്ലേ? ചിത്രഗുപ്തന്റെ പുസ്തകത്താളിൽ ചേർത്തിട്ടില്ല എന്നുമാത്രം '

ഗൗരി നെടുവീർപ്പിട്ടു...അവരുടെ
ഉപ്പുവറ്റിയ
കണ്ണുനീർ വരണ്ട കവിളിൽ
പടർന്നു
കുതിർന്നു. ..

'സങ്കടങ്ങൾ പറഞ്ഞു ഞാൻ വിഷമിപ്പിച്ചോ? കുറെ പറഞ്ഞുകഴിഞ്ഞാൽ എന്റെ നെഞ്ചിലെ ഭാരം ഒന്നു കുറയുമല്ലോ? നമുക്കൊന്ന് തൊടിയിലേക്ക് ഇറങ്ങാമെന്നുവെച്ചാൽ നിവൃത്തിയില്ല. വേണ്ട എന്റെ ഗന്ധർവ്വനെ വേറെ ആരും കാണണ്ട.. '

ഗൗരി അദ്ദേഹത്തെ മുറുകെ പുണരാൻ ശ്രമിച്ചു..

'പണ്ട് നമ്മൾ കുട്ടികളോട് കളി പറയാറില്ലേ?നമ്മൾ മരിച്ചു കഴിഞ്ഞാൽ തലക്കൽ കുട്ടനും മായേടെ മൂത്തോനും, നടുപിടിക്കാൻ ജയേടെ തലേക്കല്ലൻ, കാൽക്കൽ കുട്ടന്റെ ഉണ്ണികൾ എന്നൊക്കെ. ഇനിപ്പോ അതൊന്നും വേണ്ട.. നടപ്പ് സൂക്കേട് കാരണം മരിച്ചു കഴിഞ്ഞാൽ പഞ്ചായത്തിൽനിന്ന് കോട്ടും സൂട്ടുമിട്ട് ആളുകൾ വന്നു ടർപാളിനിൽ പൊതിഞ്ഞെടുത്തു കൊണ്ടുപൊക്കോളും. മക്കൾക്കും പരിവാരങ്ങൾക്കും കൈയും കെട്ടി നോക്കിനിന്നാൽ മതി. എന്നെ വേഗം കൊണ്ടുപൊക്കോളൂ.. അല്ലെങ്കിൽ ദിവസവും വിണ്ണിൽനിന്ന് ബഹുദൂരം താണ്ടി ഇങ്ങോട്ട് വരേണ്ടിവരും... '

ഗൗരി വിളറി വരണ്ട് ഒട്ടിപിടിച്ച ചുണ്ടുകൾ വിടർത്തി ചിരിച്ചു...

"ഞാൻ മാത്രം സങ്കടങ്ങൾ പറയുന്നതല്ലാതെ ഒന്നും ഇങ്ങോട്ട് പറയുന്നില്ലല്ലോ?ഗന്ധർവനായി കഴിഞ്ഞാൽ പിന്നെ മനുഷ്യരോട് മിണ്ടാൻ പാടില്ലഎന്നുണ്ടോ?"

അദ്ദേഹം പുഞ്ചിരി തൂകി ഗൗരിയെ മെല്ലെ കവിളിണ ചേർത്ത് തഴുകി...മൃദുവായി ചുംബിച്ചു.... ആ ചുടുശ്വാസത്തിൽ ആഹ്ലാദവതിയായ ഗൗരി ഉറക്കെ ചിരിച്ചു...തന്റെ ശുഷ്കിച്ച കൈകൾ കൊണ്ട് ഗന്ധർവ്വനെ ചുറ്റിവരിഞ്ഞു എഴുന്നേറ്റു.

'ഒന്നു നിൽക്കണേ.. ഞാൻ ശീവോതി ഒരുക്കട്ടെ.. തളത്തിൽ എല്ലാം തയ്യാറാക്കി വെച്ചിട്ടുണ്ട്... '

ഗൗരി തുടരുകയാണ്....

പനിക്കുള്ള മരുന്നുമായി മുഖത്തു മാസ്ക് വെച്ച് പകച്ചു നിൽക്കുന്ന മകളുടെ മുന്നിലൂടെ ഗൗരി തളത്തിലേക്കു ഇറങ്ങി......

# അന്ധകാരക്കാഴ്ചകൾ

കവിത



എ. കെ. അനിൽകുമാർ



വെളിച്ചമുപേക്ഷിച്ച
കറുത്ത നിഴലിൽ
കൂടുകൂട്ടുന്നു
ആകാശം വിട്ടൊഴിഞ്ഞ
ചില പരേതാത്മാക്കൾ.

ഹോമത്തറയിലെ
ചിതറിയ പൂക്കൾക്കിടയിൽ
ഊർദ്ധശ്വാസം വലിക്കുന്നു
കൂടുവിട്ടു കൂടുമാറിയ
ചില ഒഴിയാബാധകൾ.

കറുത്ത ബോർഡിലെ
വെളുത്ത അക്ഷരങ്ങളിൽ
ഒളിച്ചിരിക്കുന്നു
പുസ്തകത്താളിൽ
ആത്മഹത്യചെയ്ത
ഒരുകൂട്ടം വാക്കുകളുടെ
ചിതാഭസ്മങ്ങൾ.

പേറ്റുനോവിന്നൊടുവിൽ
ബോധമറ്റുറങ്ങുന്ന
ചിതറിയ സ്വപ്നങ്ങൾക്കുമേൽ
ചാപിള്ളകൾ
ശൂലമുനയാൽ വരയ്ക്കുന്നു
ഓർമ്മതൻ തീണ്ടാരിച്ചിത്രം.

അത്താഴക്കലത്തിലെ
ഒടുക്കത്തെവറ്റിൽ
മാഞ്ഞുപോയ
പേരിന്നടയാളമായി
ഉപ്പുരസമുണ്ടുറങ്ങുന്നു
പുനർജ്ജനിയിലൊടുങ്ങാത്ത
ചില അന്ധകാരക്കാഴ്ചകൾ.



# ഒന്നിക്കാം, മുന്നേറാം...




തേജശ്രീ

**ഇന്ത്യയെപ്പോലൊരു വലിയ രാഷ്ട്രത്തിൽ പലവിധ വൈജാത്യങ്ങളുണ്ടാവാം. നാനാത്വത്തിൽ ഏകത്വമെന്ന വിശേഷണംതന്നെ ആ വൈജാത്യങ്ങളുടെ ഭംഗി ഓർമിപ്പിക്കുന്നതാണ്. അങ്ങനെയായിരിക്കേ തെക്കും വടക്കും എന്ന വേർതിരിവ് കലകളിൽ പോലും വരുന്നത് എങ്ങനെ ന്യായീകരിക്കും?**

**മൂ**വായിരത്തി അറുനൂറു കിലോമീറ്ററിലേറെ ദൂരമുണ്ട് കന്യാകുമാരിയിൽനിന്ന് കാഷ്മീരിലേക്ക്. അതായത് ഇന്ത്യയുടെ തെക്കേ അറ്റത്തുനിന്ന് റോഡ് മാർഗം വടക്കേ അറ്റത്തേക്കെത്താൻ ഇത്രയും ദൂരം സഞ്ചരിക്കണം. പല പല സംസ്ഥാനങ്ങൾ, ജനവിഭാഗങ്ങൾ, കാലാവസ്ഥ, സംസ്കാരം, കലകൾ... എന്തായാലും ഒരുപോലെയായിരിക്കില്ല ഈ ദൂരത്തിനിടയ്ക്കുള്ള കേന്ദ്രങ്ങൾ. ശാസ്ത്രീയവും നാടനുമായ കലകൾക്കൊപ്പം ഹിന്ദുസ്ഥാനിയും കർണാട്ടിക്കുമെന്ന രണ്ടു മഹത്തായ സംഗീതധാരകൾ ഉദ്ഭവിച്ച് ഒഴുകിപ്പരന്നു കുളിരണിഞ്ഞ രാഷ്ട്രം. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടു മാത്രം വടക്കും തെക്കുമായി കൂടുതൽപേർ പാടുകയും ആസ്വദിക്കുകയും ചെയ്യുന്നു എന്നതിനാൽ അങ്ങനെയൊരു വേർതിരിവ് ആവശ്യമുണ്ടോ. ഇല്ലെന്നുതന്നെയാണ് പ്രമുഖരടക്കമുള്ളവരുടെ പക്ഷം.

**നിങ്ങൾ ഇന്ത്യയിൽനിന്നല്ലേ?**

അടുത്തയിടെ ലോകത്തിന് ഇന്ത്യ

സമ്മാനിച്ച സംഗീതജ്ഞൻ എ.ആർ. റഹ്മാൻ ഒരനുഭവം ഓർമിച്ചിരുന്നു. ഏഴുവർഷംമുമ്പ് മലേഷ്യയിൽവച്ചുണ്ടായ ഒരു സംഭവം. അതിന്റെ ചുരുക്കം റഹ്മാന്റെതന്നെ വാക്കുകളിൽ ഇങ്ങനെയായിരുന്നു:




ഏതാണ്ട് ഏഴുവർഷം മുമ്പ് ഞാൻ മലേഷ്യയിൽ പോയിരുന്നു. മാന്യനായൊരു ചൈനക്കാരൻ എന്റെയടുത്തുവന്നു പറഞ്ഞു- നിങ്ങൾ ഇന്ത്യക്കാരനാണല്ലേ? ഇനിക്ക് ഇന്ത്യയെ ഇഷ്ടമാണ്. ഉത്തരേന്ത്യയാണ് കൂടുതൽ ഇഷ്ടം. അവർ കൂടുതൽ വെളുത്തനിറക്കാരാണ്. അവരുടെ സിനിമകൾ അതുകൊണ്ടുതന്നെ കുറേക്കൂടി ഉല്ലാസകരമാണ്.

അയാളുടെ വാക്കുകൾ തന്നെ ആഴത്തിൽ ചിന്തിപ്പിച്ചുവെന്ന് റഹ്മാൻ തുടർന്നു പറഞ്ഞു. അയാൾ ഏതെങ്കിലുമൊരു ദക്ഷിണേന്ത്യൻ ഭാഷാ ചലച്ചിത്രം കണ്ടിട്ടാണോ അത്തരമൊരു പ്രസ്താവന നടത്തിയതെന്ന് റഹ്മാൻ അമ്പരക്കുകയും ചെയ്തു.

നിറത്തിന്റെ പേരിൽ പറഞ്ഞ ആ വേർതിരിവ് എന്നെ വളരെ അസ്വസ്ഥനാക്കി. പിന്നീടെനിക്കു തോന്നി, നിറം നോക്കാതെ ആളുകൾക്ക് കഥാപാത്രങ്ങളെ നൽകണം. അവരെ ആ വിധം ശക്തരാക്കി ബഹുമാന്യതയുള്ള റോളുകളിൽ നിയോഗിക്കണം. നമ്മുടെ നിറത്തെ സ്നേഹിക്കുന്നവരാണല്ലോ നമ്മൾ.

തെക്കോ വടക്കോ എന്നില്ലാതെ ഇന്ത്യയെ ഇന്ത്യയായി കാണണമെന്നും റഹ്മാൻ കൂട്ടിച്ചേർത്തു.

കലയുടെ പേരിലുള്ള, നിറത്തിന്റെ പേരിലുള്ള വേർതിരിവ് തന്നെ ഒരിക്കലും സ്വാധീനിച്ചിട്ടില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. കലാകാരന്മാർ രാജ്യത്തിനു മുഴുവനായി നേട്ടമുണ്ടാക്കിക്കൊടുക്കുന്നവരാണ്. നെറ്റ്ഫ്ളിക്സ് പോലുള്ള പ്ലാറ്റ്ഫോമുകളിൽ ഇപ്പോൾ എല്ലാ ഭാഷകളിലുമുള്ള സിനിമകൾ എല്ലാവരും കാണുന്നുണ്ട്. മതിലുകൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഇനി സ്വയം ശക്തരാകുക എന്നതുകൂടിയേ ചെയ്യാനുള്ളൂ. കലകളിലൂടെ അത് കൂടുതൽ എളുപ്പവുമാണ്.

നമ്മുടെ ഭാവനയും പ്രവൃത്തിയും ദക്ഷിണേന്ത്യക്കാർക്കുവേണ്ടി മാത്രം ആകരുത്. രാജ്യത്തിന്റെ സംസ്കാരത്തിനു വേണ്ടിയാകണം. കലയിലൂടെ നമ്മളെ ലോകമറിയട്ടെ. ഒന്നിക്കാനുള്ള സമയം ഇതാണ്. വൈജാത്യങ്ങളെ ആഘോഷിക്കാനുള്ള സമയവും ഇതുതന്നെയാണ്. ഒന്നിട്ടു മുന്നേറി ലോകത്തെ നയിക്കാൻ നമുക്കു കഴിയട്ടെ- റഹ്മാൻ പറഞ്ഞു.

**ഭാഷയുടെ വഴിയേ**

രാജ്യത്തെ പൊതുഭാഷയായി ഹിന്ദി എല്ലാവരും പരിശീലിക്കണമെന്ന് അധികാരവർഗം പറയുമ്പോൾ അങ്ങനെയൊന്ന് അടിച്ചേൽപ്പിക്കരുത് എന്ന വികാരത്തിനും വലിയ സ്ഥാനമുണ്ട്. ഇംഗ്ലീഷിനു പകരമാകണം ഹിന്ദി എന്ന കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ പ്രസ്താവനയ്ക്കു മറുപടിയെന്നോണം റഹ്മാൻ ട്വീറ്റ് ചെയ്ത ചിത്രവും വലിയ ചർച്ചയായിരുന്നു. തമിഴിന്റെ പ്രാധാന്യം, തമിഴർക്ക് സ്വന്തം ഭാഷയോടുള്ള ഇഴപിരിയാത്ത അടുപ്പം എന്നിവ വ്യക്തമാക്കുന്ന ചിത്രമായിരുന്നു അദ്ദേഹത്തിന്റെ ട്വീറ്റിൽ. തമിഴിലെ അ എന്ന അക്ഷരം അറ്റത്തുറപ്പിച്ച കുന്തവുമായി നൃത്തച്ചുവടിൽ നിൽക്കുന്ന സ്ത്രീ. വിപ്ലവകവി ഭാരതിദാസന്റെ ഇമ്പ തമിഴ് എങ്കൾ ഉറിമൈ സെമ്പയിറുക്കു വായെർ എന്ന കവിതാ ശകലവും പോസ്റ്ററിലുണ്ട്. റഹ്മാന്റെ നിലപാടിനെ പിന്തുണച്ച് ഒരുപാടുപേർ രംഗത്തുവന്നു. എന്നാൽ ഒരു പൊതുഭാഷ വേണമെന്ന ആവശ്യവുമായി എതിർസ്വരമുയർത്തിയും ചിലർ വന്നു. ശക്തമായ നിലപാടെടുക്കുക എന്നും ഒരു രാഷ്ട്രീയ പ്രവർത്തനമാണെന്നിരിക്കേ റഹ്മാന്റേത് ധീരമായ നടപടിയായി കണക്കാക്കണം. കലയും സംഗീതവും കൂട്ടായ്മയ്ക്ക് കാവലൊരുക്കുകതന്നെ ചെയ്യുമെന്നു കരുതാം. അതുതന്നെയാണല്ലോ ജീവതാളം.

# വേനൽ മഴ

പടു മരം വീണ്ടും  തളിർക്കുന്നു....!
വേനൽമഴയുടെ അമൃതജലകണം
ആവോളം നുകർന്നതാലാകാം
വേരിൻ ഞരമ്പുകൾ രക്തകണങ്ങളെ
ഊറ്റിവലിച്ചു കുടിച്ചു.
ഉണങ്ങി വരണ്ട ചില്ലകൾ പലതുമേ
നീണ്ടു നിവർന്നു വളർന്നു.

പെട്ടെന്ന് തളിരിട്ട ചില്ലയിലെല്ലാമേ
സൗഗന്ധപ്പൂക്കൾ വിടർന്നു .
പുനർജ്ജീവൻ നൽകുവാൻ തുണയായിനിന്നൊരാ
സൂര്യനും ഭൂമിക്കും വർഷമാതാവിനും
നന്ദിസ്മരണയാൽ
പുഷ്പാഞ്ജലി നല്കി വൃദ്ധയാംബ ആമരം.

പ്രകൃതിദേവിതൻ ശംഖിൽനിന്നുതിരുന്ന
അമൃതജലത്തിന്റെശക്തിയപാരം!
പാഴ്മരമെന്നു പരിഹസിച്ചോരും മൗനരായ്,
വെട്ടിമുറിക്കുവാൻ വാളെടുത്തോരും മൗനരായ്,
ഒട്ടും നിനച്ചില്ല,ഹരിതശോഭയാലീമരം
വർണ്ണാഭമായി പുനർജ്ജനി കൊള്ളുമെന്ന്

കൊള്ളിയായ് മാറേണ്ട പടുവൃക്ഷം പുനരിതാ
അണ്ണാറക്കണ്ണനും,കുഞ്ഞിക്കുരുവിക്കും
കൂടൊരുക്കീടുവാൻ
വീണ്ടും തളിർത്തല്ലോബ
പൂത്തല്ലോ കായ്ച്ചല്ലോ,
വാത്സല്ല്യം കൊടുത്തല്ലോരമ്മത്തണലായി.



കൃഷ്ണ



# ഒരു യാത്രാമൊഴി.

പിരിയാം നമുക്കീ സന്ധ്യ തൻ വഴിയിലെ
അവസാന മരവും കടന്നു പോകും മുമ്പ്.
ഇലകൾ
തളർന്ന് കൊഴിഞ്ഞു വീഴും മുമ്പ്
ഒടുവിലെ കിളിയും പറന്നു പോകും മുമ്പ് .

ഒരു വേള പിന്നെയും പ്രണയത്തുടിപ്പു
നിൻ ചൊടികളിൽ കുങ്കുമം
പകരുന്നതിൻ മുമ്പ്.
മിഴികളിൽ
പിന്നെയും നക്ഷത്ര കന്യകൾ
മധുരമൊരു ചിത്രം വരയ്ക്കുന്നതിൻ മുമ്പ്.

ഒടുവിലെ ചുംബനം നൽകുവാൻ മാത്രമായ്
കരളിലെ
മുറിപ്പാട് കരിയുന്നതിൻ മുമ്പ്.
അവസാനമവസാനമൊരുമിച്ച്
പാടുവാൻ
ഒരു കവിത കൂടി പിറക്കുന്നതിൻ മുമ്പ്.


പിരിയാം നമുക്കന്തി വിണ്ണിന്റെ ചരിവുകൾ
ഒരു നീലക്കമ്പളമൊരുക്കി
വെയ്ക്കും മുമ്പ്.
ദവളമാം രാത്രികൾ
ഇരുളിൻ പ്രഭാതങ്ങൾ
ഇടചേർന്ന് നൃത്തം ചവിട്ടുന്നതിൻ മുമ്പ്.

പിരിയാം നമുക്കീ ധന്യമാം സന്ധ്യയിൽ
പിരിയാം നമുക്കീ ധന്യമാം വേളയിൽ ........



എം. കപിൽദേവ്.

# അവൻ



കവിത

വിഷാദദഛവിയുള്ള
സന്ധ്യയിലാണവനെ അവസാനമായി കാണുന്നത് .
അനന്തതയിലേക്ക് പടികൾ കയറുകയായിരുന്നപ്പോൾ.
ഒന്ന് തിരിഞ്ഞു നോക്കിയതുപോലുമില്ല.
അവനു പുറകിൽ കടലുപോലെ ജനക്കൂട്ടം ആർത്തിരമ്പി.
അവർക്ക് പുറകിൽ ഒറ്റുകാരുടെ നാണയ സഞ്ചികൾ കിലുങ്ങി.
അന്ധതയുടെ ലോകത്തേക്ക് ചിന്തകളുടെ
കൊടുങ്കാറ്റ് അഴിച്ചുവിട്ടവരെ
ജനങ്ങൾ എന്നും ഇത്തരത്തിലാണ് സ്വീകരിച്ചുപോന്നിട്ടുള്ളത്.
എന്റെ ദീർഘ നിശ്വാസത്തിൽ അവനൊന്ന് ഉലഞ്ഞതുപോലെ.

ഞാനവനെ
ആദ്യം കാണുമ്പോൾ,
വാക്കറ്റങ്ങൾ തുന്നിച്ചേർത്ത് ,
വ്യാഖ്യാനങ്ങൾക്ക്,
ഹൃദയനിണത്തിൽ തൂവൽ മുക്കി ചിത്രഭാഷ്യം
എഴുതുകയായിരുന്നു.
അതിഗൂഢ വാക്കുകൾ ആലേഖനം ചെയ്ത
ആ ഗ്രന്ഥം , മാനവകുലത്തിന്റെ അന്ധതയുടെ
അവസാന വാക്ക് എന്നവൻ പ്രത്യാശിച്ചു .

അവന് തെറ്റിപ്പോയിരുന്നു.
അതിലെ ഗൂഢാർത്ഥങ്ങൾ
തെറ്റായി വ്യാഖ്യാനിച്ച് അവർ
കാലത്തിനു പുറം തിരിഞ്ഞ് നടന്നു.
നീ പ്രോമിത്യൂസിനെപ്പോലെ
ഞാൻ പറഞ്ഞു.
അറിവും അഗ്നിയും ഒന്നാണെന്ന് നേർത്ത
സ്വരത്തിൽ അവനും പ്രതിവചിച്ചു.



ദർശന

അതിരുകൾ മുളച്ച
ഗോത്രങ്ങളിൽ നിന്നും പൊടുന്നനെയാണ്
അതിരുകളില്ലാത്തവർ
പുറത്തായത്
അവർക്കായി അരുതുകളുടെ ലോകത്ത് പുതു നിയമങ്ങൾ
സൃഷ്ടിക്കപ്പെട്ടു.
അവരെ അടിമകളാക്കാൻ
കാലം വെമ്പൽകൊണ്ടു.

പൈതൃകങ്ങളുടെ
തായ്‌വേരുകൾ അറുക്കപ്പെട്ടു.
തടവറകളും നിയതമല്ലാത്ത പലായനത്തിന്റെ
പാതകളും സൃഷ്ടിക്കപ്പെട്ടു.

ആശങ്കകളുടെ രാപ്പകലുകളിൽ
ജനതതി പ്രയാണങ്ങൾ തുടർന്നു.

അപ്പോഴാണ്  അവനെ വീണ്ടും കാണുന്നത്.
വാക്കുകൾ നഷ്ടപ്പെട്ട അവൻ ,
സ്വയം ഒരു വാക്കായി അവർക്കുമുന്നിൽ.
പ്രത്യാശ നഷ്ടപ്പെട്ട  ജനതയുടെ  ഇടയിൽനിന്നും ചി
ല ഒറ്റുകാർ,
നാണയക്കിലുക്കങ്ങൾ അവരെ മോഹിതരാക്കി.

അവനെ ഞാൻ
അജ്ഞാതമായ
വനസ്ഥലികളിലേക്ക് നാടുകടത്തി .
അവിടെയവൻ ധ്യാനത്തിലാണ്ടു.
തന്റെ
പഴയ ഭാഷ്യങ്ങൾക്ക്
പുതിയ ചരിത്രങ്ങളെഴുതി.
ആത്മബോധങ്ങളെ
വ്യാഖ്യാനിച്ചു.

ബൗദ്ധികമായി
ഉറക്കത്തിലാണ്ടവർ,
കാലങ്ങളായി കറുപ്പ് നുണഞ്ഞവരെപ്പോലെ
അടിമകളായി മാറിയിരുന്നു .
നാണയക്കിലുക്കങ്ങളിൽ മോഹിതരായ
അവർ അവനെ കല്ലെറിഞ്ഞു .
അവർക്ക് മേലാളന്മാർ അനവധി.
അറിവിന്റെ  ഭണ്ഡാഗാരങ്ങൾ .
കാട് തീണ്ടാത്ത ആശ്രമങ്ങളിൽ കാണിക്കയിൽ
കൊഴുക്കുന്നവർ .
അവനോ നിർമുക്തനായി
സന്ന്യാസം  വരിച്ചവൻ .
ആയതിനാൽത്തന്നെ  സന്യാസത്തിന്റെ
ആധുനിക വിവർത്തനങ്ങൾ
സ്വന്തം ഭാഷ്യങ്ങളിൽ
വിരചിക്കാൻ
മറന്നു പോയിരുന്നു.

കഥ



കൃഷ്ണകുമാർ മാപ്രാണം



# ഇഷ്ടം

'സാർ....സാറിനെ കാണാൻ കുറെനേരമായി...ഒരാൾ പുറത്തിരിക്കുന്നുണ്ട്...വിളിക്കട്ടെ....'

ക്ളാർക്ക് ശിവൻ വന്ന് ചോദിച്ചു

'വരാൻ പറയൂ....'

കളക്ടർ പറഞ്ഞു

അതവളായിരുന്നു.

കളക്ടറുടെ എതിരെ സീറ്റിൽ അവളിരുന്നു. അവളെ അദ്ദേഹം ശ്രദ്ധിച്ചു.

കളക്ടർ പറഞ്ഞു

'വിവരങ്ങൾ.. ഞാനറിഞ്ഞു... സുഖമാണോയെന്നു...ചോദിക്കുന്നില്ല...'

അവളൊന്നും മിണ്ടിയില്ല. അവളെന്തോ ആലോചിക്കുകയായിരുന്നിരിക്കാം.

അദ്ദേഹവും പഴയ ചിലകാര്യങ്ങൾ ഓർത്തുപോയി

വൈകുന്നേരങ്ങളിൽ നമ്പ്യങ്കാവ് കുന്നിലെ ആൽച്ചുവട്ടിൽ പതിവുപോലെ അവളുടെ വരവും കാത്തിരിക്കുമായിരുന്നു.

ജലജ ടീച്ചറുടെ വീട്ടിൽ അവൾ ഡ്യൂഷനു പോകുന്നുണ്ട്.

'നീയെന്തിനാ എപ്പോഴും ഇങ്ങിനെ എന്റെ പിറകെ നടക്കണത്'

അവൾ ചോദിച്ചു

'എനിക്ക് നിന്നെ ഇഷ്ടമാണ്'

അവൻ പറഞ്ഞു

'എന്റെ പിറകെ ഇങ്ങനെ നടക്കേണ്ട...എനിക്കത് ഇഷ്ടമല്ല...'

'നുണ..എനിക്കറിയാം...നിനക്ക്..ഇഷ്ടമാണെന്ന്..'

' എങ്ങിനെ..?'

'ഞാൻ തന്ന പ്രേമലേഖനം..നീ വാങ്ങിച്ചതല്ലെ...'

' വാങ്ങിച്ചതു ശരിയാണ്....പക്ഷെ ഞാൻ വായിച്ചില്ല...'

'വെറുതെ...'

'വെറുതെയല്ല..ഞാനത് കീറികളഞ്ഞു..'

'എന്തിനാണ്..നീയിങ്ങനെ എന്നെ...കളിപ്പിയ്ക്കുന്നത്...എനിയ്ക്കറിഞ്ഞൂടേ...'

'ദേ...എന്നെകൊണ്ടൊന്നും പറയിപ്പിയ്ക്കല്ലേ...എനിയ്ക്ക് ദേഷ്യം....വരണുണ്ടെട്ടോ...'

'അതു കാണാൻ..നല്ല..ഭംഗീംണ്ട്....'

'ഒന്നു പോവുണുണ്ടോ..നീയ്...എനിയ്ക്ക് പഠിക്കാനുണ്ട്...നീ.ആൾക്കാരെകൊണ്ട്..പറയിച്ചെ..അടങ്ങൂ...'

' നിന്നോടിഷ്ടം കൊണ്ടല്ലേ...എനിയ്ക്കുംണ്ട് പഠിക്കാൻ....എന്നാലും...ഇഷ്ടാന്ന് പറയാനെന്താ...മടി.'

' ഈ ചെക്കനെന്താ...എനിയ്ക്കൊരിഷ്ടവും..തോന്നണില്ല...ഒന്നു പോവണുണ്ടോ നീയ്...'

അവൾ അതും പറഞ്ഞ് തിരിഞ്ഞു നടന്നു. അവൻ ഹൃദയവേദനയോടെ ആ പോക്ക് നോക്കി നിന്നു.

അവളോടുള്ള പ്രണയം അറിയിക്കാൻ അവൻ പിന്നെയും ശ്രമിച്ചെങ്കിലും അവൾ അവനെ അവഗണിച്ചു. ആദ്യത്തെ കത്ത് കീറികളഞ്ഞെന്ന അവളുടെ മറുപടി അവനെ വേദനിപ്പിച്ചിരുന്നു.

അവളെ പോലെ തന്നെ പഠനത്തിൽ മിടുക്കനായിരുന്നു അവനും.

അവൻ ഡിഗ്രികഴിഞ്ഞതും സിവിൽ സർവ്വീസിന് പ്രിപ്പയർചെയ്തു.

കുറച്ചുവർഷങ്ങൾക്കു ശേഷം സിവിൽ സർവ്വീസ് ലഭിച്ച് അവൻ സബ്ബ് കളക്ടറായി ചാർജെടുത്തു.

നാട്ടിലെ സുഹൃത്താണ് അവളുടെ വിവാഹം കഴിഞ്ഞെന്നുള്ള വിവരം അവനോട് പറഞ്ഞത്.

എന്നാൽ ദാമ്പത്യം അത്ര സുഖപ്രദമല്ലെന്നും അവളിപ്പോൾ സ്വന്തം വീട്ടിലാണെന്നുള്ള വിവരവും ചങ്ങാതി അറിയിച്ചു. അവൾക്കു ലഭിച്ചിരുന്ന ജോലി വിവാഹത്തിനു ശേഷം ഭർത്താവിന്റെയും ആ വീട്ടുകാരുടേയും നിർബന്ധത്താൽ ഉപേക്ഷിക്കേണ്ടിവന്നതും അയാളെ ഞെട്ടിച്ചു.

അയാൾ ഒരു കളക്ടറായ കാര്യം അവളറിഞ്ഞിരുന്നു. തന്നെ ഓർക്കുക പോലും ചെയ്യില്ലെന്നാണ് അവൾ വിചാരിച്ചത്.

തന്നെ കുറിച്ചുള്ള കാര്യങ്ങൾ കളക്ടർ മനസ്സിലാക്കിയെന്നറിഞ്ഞപ്പോൾ അവൾ വിഷമിച്ചു.

അവളുടെ കൺപീലികൾ നനഞ്ഞിരിക്കുന്നു. അവളുടെ കൈയ്യിൽ നാലു മടക്കായി ചുരുട്ടിയ ഒരു കടലാസ്സുണ്ട്.

അത് കളക്ടർക്കായി നീട്ടി.

കളക്ടർ ആ കടലാസ്സുകണ്ട് അമ്പരന്നു. അയാൾ അന്നവൾക്കു കൊടുത്തിരുന്ന പ്രണയലേഖനമായിരുന്നു അത്. അതിപ്പോഴും അവൾ സൂക്ഷിച്ചിരിക്കുന്നു.

' നീ...അന്നതു.. കീറികളഞ്ഞിരുന്നൂന്ന് പറഞ്ഞിട്ട്....എന്തിനാണ് നീ നുണപറഞ്ഞത്....ഇതിപ്പോൾ....'

കളക്ടർ ചോദിച്ചതിന് അവൾ മറുപടിയൊന്നും പറയാതെ തലകുനിച്ചു. കളക്ടർക്ക് ഹൃദയത്തിൽ അസ്വസ്ഥത പടർന്നു കയറി.

'എന്തിനാണ് നീ ജോലി കളഞ്ഞത്...വിഡ്ഢിത്തമല്ലേ..നീ..ചെയ്തത്....

ഉം..നോക്കട്ടെ...എന്തെങ്കിലും വഴിയുണ്ടോയെന്ന്....'

അവൾ നിശബ്ദയായി ഇരുന്നു. അവളുടെ ഹൃദയം തേങ്ങി. കണ്ണുനിറഞ്ഞു വരുന്നത് കളക്ടർ കാണാതിരിക്കാൻ ആവുന്നതും ശ്രമിച്ചെങ്കിലും അവൾക്ക് അതിനു സാധിച്ചില്ല.



കവിത

# വിഷാദത്തിന്റെ ഉടുപ്പ്





മനീഷ മുകേഷ്‌ലാൽ

തിരക്കിട്ടു
പാഞ്ഞ
പകലിനൊടുവിൽ
ഉത്സാഹത്തോടെ
കുളിച്ചു ഈറൻ മാറ്റുമ്പോഴോ,
നേരത്തെ ഉണർന്ന
പുലരിയിൽ
ആമോദത്തോടെ
എണ്ണ തേച്ചു കുളിച്ചതിനപ്പുറമോ,
സ്വയമറിയാതെ
അണിയാറുണ്ട്
അവൾ..
വിഷാദത്തിന്റെ
ഇളം മഞ്ഞ ഉടുപ്പ്.
 അപ്രതീക്ഷിതമായി
പെയ്ത
മഴയിൽ
കുടയില്ലാതെ
എന്നപോലെ

അതിനുമപ്പുറം
തലയിൽ
ചിന്തകളുടെ
താണ്ഡവം..
ഓർമകളുടെ
ഓക്കാനം
തൊണ്ടകുഴിയിൽ..
പേരറിയാത്ത
സങ്കടം നെഞ്ചിൽ
കുമ്മിയടി..
വിഷാദത്തിന്റെ
ഉത്സവമേളം..

ജീവിക്കാൻ കൊതിക്കുന്ന
അതെ നിമിഷത്തിൽ
മരിച്ചിരുന്നെങ്കിൽ
എന്ന് മനസ്സ്..
കടലോളം സ്നേഹം
കോരിക്കുടിച്ചാലും
കുന്നോളം ദാഹം
മനസ്സിൽ..

ചുറ്റിലും
ചേർത്തുപിടിക്കുന്ന
കരങ്ങൾ
കോർത്തു നടന്നാലും
തനിയെ എന്നു മനസ്സ്..

കുഴൽ കിണറിൽ
അകപ്പെട്ട കുഞ്ഞിനെ
പോലെ..
വിഷാദം തീണ്ടിയ
പെണ്ണ് ..
ശ്വാസം കിട്ടാതെ
പിടയുമ്പോഴും..
പുറത്തെ വെളിച്ചം
കൊതിച്ച്..
ഊർന്നു വരുന്ന
കയറിൽ
ബലഹീനമായി
തൂങ്ങി..
ജീവിതത്തിനും
മരണത്തിനും
ഇടയിലെ
ഞാണിന്മേൽ കളി..
ജീവിതം
ആവർത്തനങ്ങളുടെ
സ്നാപ്പ്സ്..

ചേർത്തണക്കുക
അവളേ
വിഷാദത്തിന്റെ
മഞ്ഞ ചേല
അഴിച്ചെറിയുക..
സ്വാന്തനത്തിന്റെ
പച്ച പുതപ്പിക്കുക..
അവൾ
ജ്വലിക്കട്ടെ
നിന്റെ ഉള്ളിലും
സാമ്രാജ്യത്തിലും..

കവിത



# കഥയല്ല , ജീവിതം

പകലിനോടൊപ്പം
വാദിക്കൂട്ടിൽ നിന്നും
കുഴഞ്ഞുപോയ ഒരു ശരീരവും കൂടി
ഇറങ്ങിപ്പോകുന്നുണ്ട്....

അടുത്ത പകലിൽതന്നെ
ഇറുക്കമുള്ള ഒരുടൽ
അവന്റെ തീൻമേശയിലെ
രുചിക്കൂട്ടിലേക്ക് കയറി,
മലർന്നുകിടക്കുന്നു!

മനസ്സിന്റെ നിറക്കൂട്ടുകൾ കഴുകിമാറ്റി,
ഭോഗപുഷ്പങ്ങളായി മാത്രം ,
അവളെ
രൂപപ്പെടുന്നതാരാണ്?

കഥ പറയേണ്ടത്
നിങ്ങളുടെ ആഭരണമെങ്കിൽ
അടിമക്കരാറൊപ്പു വയ്ക്കുക !

ജീവിതം, എന്നത്
സ്വയം
അടയാളപ്പെടുത്തലാണ് എങ്കിൽ
അതിനായി,
പരുവപ്പെടുക



ജബീറ



# പാമ്പും കോണിയും



ശഫീഖ് അബ്ദുല്ല

നീണ്ട കോണികൾ
ഒരൊറ്റ കുതിപ്പിൽ
കയറിപ്പോയവരെത്രയാണ്
അതിനേക്കാൾ വലിയ
പാമ്പിന്റെ വായിൽ കുരുങ്ങി
താഴേക്കു പതിച്ചത്.

പതിയെത്തുടങ്ങി,
ചെറുകോണികൾ കയറി,
പാമ്പിന്റെ മുന്നിൽപ്പെട്ടിട്ടും
പിടഞ്ഞും കുടഞ്ഞും
രക്ഷപ്പെട്ട്
നൂറിലെത്തിയവരുണ്ട്.

കോണി കയറിയും
പാമ്പ് വിഴുങ്ങിയും
കളി തീർന്നുകിട്ടാൻ
പാടുപെട്ട്,
നൂറിൽ തൊടാനാവാതെ
ഉഴറിയവരുമുണ്ട്.

ഒരൊറ്റ പാമ്പിന്റെയും
വായിൽപ്പെടാതെ
ചെറുതും വലുതുമായ
കോണികൾ കയറി
നൂറിലെത്തിയ
വളരെയപൂർവ്വം
ഭാഗ്യവാന്മാരുമുണ്ട്.

പലപ്പോഴും,
ലക്ഷ്യത്തിലെത്താൻ
പാടുപെടുന്ന
കയറ്റിറക്കങ്ങളുടെ
പാമ്പും കോണിയും
കളിയാണ് ജീവിതം.

# ആത്മബലിയുടെ രാജവീഥികളിൽ ...



നിസ്സഹായതയുടെ നനവേറ്റ്
തുരുമ്പിച്ചു ദ്രവിച്ച വാതിൽപ്പാളി
ഒറ്റത്തള്ളിന് തുറന്നു വന്നവനോട്...
ഒരുമിച്ചുണർത്തിയ നിശബ്ദതകളിൽ,
നെയ്തെടുത്ത പകൽച്ചിത്രങ്ങളിൽ,
സ്വയം രാജകുമാരിയായി
ഞാനെന്നെ അവരോധിച്ചിരുന്നു.
രത്നം പതിച്ച സിംഹാസനത്തിൽ
ഒന്നുമില്ലാത്തവളുടെ രാജകീയ വിശ്രമം..!
ശിരോ ചിഹ്നങ്ങൾ, അലങ്കാരങ്ങൾ,
കനപ്പെട്ട ആടയാഭരണങ്ങൾ,
ചുറ്റിലും അംഗരക്ഷകർ...
വലിച്ചടുപ്പിച്ച വിജാതീയ ധ്രുവങ്ങൾ
തെല്ലഹങ്കാരത്തോടെ, ആനന്ദത്തോടെ,
പിന്നെയും പിന്നെയും തലയഴിച്ചു കെട്ടുന്നു.


**കവിത**

ഞാനറിഞ്ഞില്ലെന്നേയുള്ളൂ
നിന്റെ വിജയമുദ്രകൾക്കെല്ലാം
എന്റെ പരാജയമെന്ന അർത്ഥം
കൂടി ഉണ്ടായിരുന്നല്ലേ..?
എത്ര പെട്ടെന്നാണെന്റെ മനസ്സിന്,
ശരീരത്തിന്,ചിന്തകൾക്ക്, വാക്കുകൾക്ക്...
സ്വാർത്ഥതയാണെന്ന് അടിക്കുറിപ്പെഴുതിയൊപ്പിട്ട്
മഷി വറ്റിയ പേന നീ
വലിച്ചെറിഞ്ഞു കളഞ്ഞത്!



സിജി. എം. കെ

എല്ലാം അടിച്ചു തളിച്ച്,
ഇറങ്ങിപ്പോയ പടികൾ കയറി
അന്നത്തെപ്പോലെ എന്നെങ്കിലും
വീണ്ടും നീ വരികയാണെങ്കിൽ
എന്നെ തള്ളിയിട്ടിട്ട് പോയ
ആഴത്തിലേക്കൊന്നെത്തി നോക്കണം.
എന്റെ മുടിയിഴകളിലപ്പോൾ
പാലപ്പൂമണം നിറഞ്ഞിട്ടുണ്ടാകും.
നിലത്തു മുട്ടാത്ത കാലടികളുടെ വിടവ്
തിരഞ്ഞു തിരഞ്ഞ് നീ പരാജയപ്പെടും.
ഒട്ടും മുറിപ്പെടുത്താതെ, ഒരിറ്റ് ചോര
വീഴ്ത്താതെ
എന്നെ കൊന്നു കളഞ്ഞിട്ടാണ്
ഇറങ്ങി പോയതെന്ന്
നീ അറിഞ്ഞതേയില്ലല്ലോ..!



# പ്രണയം



ജയിസൺ കെ.

നീണ്ടുവന്ന കരാംഗുലികൾക്കുള്ളിൽ
ഉന്മാദത്തിന്റെ പടയണിതാളം
കെട്ടുപിണഞ്ഞു കിടന്നു
ചേർത്തുവച്ച അധരങ്ങളുടെ
നടുവിലൊരു പാലം
അമൃതിനെ ഒഴുക്കുമ്പോൾ
വിഷാദം പിടഞ്ഞുനീറി പറന്ന്
പതംഗങ്ങളായി
നിഗൂഢഗർത്തങ്ങളെ ബാക്കി വച്ചു.
നിശ്വാസങ്ങളുടെ കനൽക്കാറ്റുകൾ
കൃത്യതയുള്ള അയനങ്ങളിലൂടെ
സംഗമിച്ച്
ഹരിത നിലങ്ങളിൽ വസന്തം സൃഷ്ടിച്ചു -
കൊണ്ടിരുന്നു
മിഴികളിൽ കെട്ടടങ്ങാത്ത
തൃഷ്ണയുടെ ഹോമാഗ്നി
അധിനിവേശങ്ങളുടെ അനിവാര്യതയെ
വിചാരണ ചെയ്ത്
സ്ഫോടനാത്മകതയുടെ ബാക്കിപത്രം
വിളമ്പി ..
തരിശുനിലങ്ങളെ ഉഴുതുമറിച്ചു.
അനാദിയായ കാലം
' ഒരു വിലക്കപ്പെട്ട കനിയുടേയും
പ്രലോഭനങ്ങളുടേയും കഥ പറഞ്ഞ്
ആദിപ്രണയത്തെ വിളമ്പി
ഇന്ന് ഉടലാഴങ്ങളിൽ തരിച്ചുനിന്ന
ഒരുൽക്ക
പൊട്ടിച്ചിതറുകയും അനുഭൂതികളുടെ
സമതലങ്ങളിൽ വിത്തുപാകുകയുംചെയ്തു.
കഥപറയാനൊരു വിലക്കിയ
കനിയില്ലാതെ
തിരിച്ചറിവുകളുടെ ആകാശങ്ങളിൽ
ആത്മാവ് ആത്മാവുമായ് ഇഴുകി -
ച്ചേർന്ന്
അലിവാർന്ന ജീവരഹസ്യങ്ങളുടെ
സല്ലാപമൂർച്ഛകൾ നടത്തവേ
ആദിയിൽ നിന്നനാദിയിലേക്കുള്ള
പ്രണയ പ്രയാണങ്ങളിൽ വാക്കുകൾ
ജീവഛവങ്ങളായ മന്ത്രണങ്ങളായ്





# ഹിമവൽ മടിയിൽ

ഗ്രേസ്മാത്യു

അർക്കന്റെ രശ്മിതൻ പൊൻപ്രഭ ഏറ്റതിൻ
ആലസ്യമാർന്നൊരാ ശാന്തമാം നിദ്രയിൽ
ആണ്ടു കിടക്കുന്ന മാമലകൂറ്റനെ
ആകവേ നോക്കി ഞാൻ നിശ്ചലം നിന്നുപോയ്

പൂത്തുലഞ്ഞാർത്തുനിൻ മാറിൽ പടർന്നൊരാ
പുല്ലുകൾ തൻ ചന്തമെങ്ങനെ ചൊല്ലുവാൻ?
പൂങ്കാറ്റിൽ തണുത്ത കരസ്പർശമേൽക്കവേ...
പൂങ്കൊടിത്തുമ്പുകൾ ചാഞ്ഞുലഞ്ഞാടിയോ?

മാമരക്കൂട്ടം തഴുകി വന്നത്തുമാ
മാരുതൻ കൈയ്യിൽ സുഗന്ധതൈലങ്ങളോ?
മുട്ടിയാകാശത്തൊടൊട്ടിനിൽക്കുന്നൊരാ
മഞ്ഞിൻ നെറുകയിൽ സൂര്യനുദിച്ചുവോ?

ആനനം മെല്ലെയുയർത്തി ഞാൻ നോക്കവേ
മണ്ടകാണാത്തൊരാ പാറതൻ വിള്ളലിൽ
പൂത്തു പടർന്നൊരാ കാടിന്റെ റോസകൾ
കണ്ടുഞാനാദ്യമായി ഭൂമിതന്നത്ഭുതം!

വർണ്ണനാതീതമാം സർഗസൌന്ദര്യം
തുളുമ്പുമാദേശത്തിലെത്തി ഞാൻ നിൽക്കവേ
കണ്ണെത്താദൂരം പരന്നൊരാകാശത്തിൻ
വെൺമുകിൽ പാളിയിൽ തൊട്ട്പോൽ തോന്നിയോ

പൂക്കൾ നിറഞ്ഞങ്ങുപൊങ്ങിനിൽക്കുന്നൊരാ
ആപ്പിൾ മരങ്ങളുണ്ടങ്ങിങ്ങുകാണുവാൻ മഞ്ഞിൻ
കണങ്ങളിറ്റുന്നൊരാപൂക്കളിൽ നിന്നും
പൊഴിയുന്നു മുത്തുപോൽ തുള്ളികൾ

മഞ്ഞിനെ കെട്ടിപ്പുണർന്നതു വാരിയെൻ
ദേഹത്തെറിഞ്ഞു കളിക്കവേ തോന്നിയോ?
നഷ്ടമായി പോയൊരാ ബാല്യകാലത്തിൽ
ഞാൻ എത്തിയോ വീണ്ടുമൊരുകുഞ്ഞായി പിറന്നുവോ?

അർക്കന്റെ ചുടുചുംബനങ്ങൾ നുകർന്നതിൽ
വെൺപട്ടുചേലയഴിഞ്ഞുലന്നാർന്നുവോ?
മഞ്ഞിന്റെ വെൺപാളി തീർത്തൊരാകൂനകൾ
മെല്ലെയുരുകി കുണുങ്ങിയൊഴുകിയോ?

വെള്ളിക്കൊലുസ്സും കുലുക്കിയിളകി നീ
താളത്തിൽ മെല്ലെ പരന്നൊഴുകീടവേ
നിന്നംഗലാവണ്യമെന്നെ മയക്കിയോ?
ആഞ്ഞൊന്നുപുൽകുവാനുള്ളം തുടിച്ചുവോ?

നേർത്തു നനുത്തൊരാ വെള്ളപ്പുടവതൻ ഉള്ളിൽ
പുതയുവാനൊന്നുമോഹിച്ചുവോ?
വിശ്വസുന്ദര്യമതെല്ലാം കടഞ്ഞനിൻ
മാറിലേയ്ക്കൊട്ടുവാൻ ഉൾത്തടം വെമ്പിയോ?

ഒന്നുതലോടുവാനാകാതെ ഞാനെന്റെ
കൈകൾ വലിച്ചതും കണ്ടുചിരിച്ചുവോ?
എൻ കാൽവിരൽത്തുമ്പു മുട്ടിയുരുമ്മി നീ
ഇളകിച്ചിരിച്ചങ്ങൊഴുകി മറഞ്ഞുവോ?

അങ്ങിങ്ങുനിൻ വഴിത്താരയിൽ നിൽക്കുമാ..
കല്ലുകൾ ചുറ്റി നീ മുത്തം കൊടുക്കവേ
എന്നുള്ളിൽ കല്ലിനോടിഷ്ടമോ പ്രേമമോ?
തെല്ലൊരാരസൂയതൻ സമ്മിശ്ര വിങ്ങലോ?

നിന്റെ തണുപ്പിന്നു ചൂടതൊന്നേകുവാൻ
ഭൂമിയാം ദേവിയറിഞ്ഞങ്ങുചേർത്തതോ?
മണികരൻ തന്നുടെ ചൂടാം കരങ്ങളെ
പ്രപഞ്ചരഹസ്യമതെന്തോരതിശയം!

വർണ്ണനാതീതമേ നിന്നുടെ ഭംഗിയ
തെന്തുചൊല്ലേണ്ടു പിരിഞ്ഞു ഞാൻ പോരവേ
തിരികേ നടക്കുമ്പോഴിറ്റുമോ കണ്ണുനീർ
നിന്നെപ്പിരിഞ്ഞതിൻ മൂകമാം സാക്ഷിയായ്

പിന്നിട്ടൊരെന്റയി ജിവിത യാത്രയിൽ
ഇനിയെത്ര ദൂരമെന്നറിയില്ലയെങ്കിലും
നീയുള്ളിലാഴ്ന്നു പകർന്ന ലഹരിയെൻ
ഉള്ളിൽമയങ്ങട്ടെ പിരിയുമീയാത്രയിൽ



# അവളാകുന്നതിലെ നീതിശാസ്ത്രം

**കവിത**

പക്വതയുടെ അളവുകോലുകളും
അച്ചടക്കത്തിന്റെ നിയമാവലികളും
ബാധകമല്ലാത്ത ഒരുവളിലേക്ക്
ചിലപ്പോഴെങ്കിലും നിങ്ങളെ
വിവർത്തനപ്പെടുത്തിയിട്ടുണ്ടോ...?

അവകാശവാദങ്ങളുടെ വിലപേശലുകളും
ആവലാതികളുടെ അലോസരപ്പെടുത്തലുകളുമില്ലാത്തൊരു
വൃത്തത്തിലേക്ക് ഇടക്കെങ്കിലും
സ്വയം പകുത്തു വക്കണം...

വച്ചു കെട്ടിയ വാക്കുകൾ ഉച്ചരിച്ച്
ചവർപ്പേറിയ നാവിലേക്ക് വ്യാകരണങ്ങളുടെ
ഭാരം പേറാത്തൊരു ഉയിരിൻ വാചാലത ഇറ്റിക്കണം...

നിർവീര്യമാക്കപ്പെട്ടൊരു വിപ്ലവകാരിയെ
അപകർഷതയുടെ ചവറ്റുകുട്ടയിൽ നിന്ന്
വീണ്ടെടുത്ത് ഇനിയും പിടിച്ചടക്കാനുള്ള
സ്വപ്നം ജയിക്കണം...

നല്ല നടപ്പുകളുടെ
പഴം പുരാണങ്ങളെ നാലായ് കീറിയെറിഞ്ഞ്,
വിലക്കുകളുടെ കുരുക്കുകളിൽ
തട്ടിയൊരു വീഴ്ചയില്ലെന്ന്
നെഞ്ചിൽ അടിവരയിടണം...

എത്ര അമർത്തി മോറിയിട്ടും നിറം തെളിയാതെ
അവശേഷിക്കുന്ന ചിലതുണ്ട്...
അതിൽ വെള്ള പൂശാൻ ഇനിയും
സഹനത്തിന്റെ വെണ്ണീർ തിരയേണ്ട..

എന്തെന്നാൽ അവൾക്കായൊരു
നീതിശാസ്ത്രം അവളെങ്കിലും
കരുതി വക്കണം..!
പരിവർത്തനങ്ങളുടെ നീതിശാസ്ത്രം!



**ദിവ്യ എച്ച്**

# കവിയുടെ ആത്മഹത്യ



അലീഷ മാഹിൻ

ഇന്നൊരു മരണമുണ്ടായിരുന്നു,,
ഒരു കവിയുടെ ആത്മഹത്യ..

എഴുതാൻ വേണ്ടി കാത്തുവെച്ച താളുകൾ കൊണ്ടാണ്
ആ ദേഹത്തെ പൊതിഞ്ഞു കിടത്തിയത്..

എഴുതിക്കൂട്ടി വലിച്ചെറിഞ്ഞ താളുകളെയും പെറുക്കിയെടുത്താണ്
തീ കൊളുത്തിയത്..

വെളിച്ചം കാണാനാഗ്രഹിച്ച കുറേയക്ഷരങ്ങൾ
ഞങ്ങളിനിയും ജീവിച്ചു കഴിഞ്ഞില്ലെന്ന് പിടഞ്ഞുകൊണ്ട്
നിന്ന് കത്തുന്നത് കാണാമായിരുന്നു..

ഒഴിഞ്ഞ മഷിക്കുപ്പികളൊക്കെയും
ഞങ്ങളേയുമിനി മിച്ചം വെക്കരുതേ എന്ന് കരയുന്നുണ്ടായിരുന്നു..

ദാരിദ്ര്യമായിരുന്നു മരണകാരണമെന്ന് പറഞ്ഞ്
എല്ലാം കണ്ടു നിന്ന തൂലികയും തേങ്ങുന്നുണ്ടായിരുന്നു..

മഴ തൊട്ട്
മരിച്ചു മണ്ണിലായ
പൂക്കൾ വരെയും
കാണാനെത്തിയിരുന്നു..

താളുകളിൽ പടർന്നത്കൊണ്ട് മാത്രം
ജീവിച്ചിരുന്നതിന് തെളിവവശേഷിച്ച കുറെ ജീവിതങ്ങളും
അവസാനമായൊരു നോക്ക് കാണാനെത്തിയിരുന്നു..

ചിതൽ ചിത്രം വരച്ചു തീർത്ത തടിയലമാരകളിൽ
ഇനിയുമെന്തൊക്കെയോ
മിച്ചം കിടപ്പുണ്ട്..

ഗതികേട് കൊണ്ട് മാത്രം വേണ്ടെന്ന് വെച്ച പ്രണയം
മുതൽ ഗതിക്കിട്ടാതലയുന്ന ആത്മാക്കൾ വരെയും കാത്തിരിപ്പുണ്ടിപ്പോൾ..

ഒരു വരിപോലും വായിച്ചു നോക്കാത്തവരും
മരണത്തിലെ കുറ്റങ്ങൾ ചികഞ്ഞു നോക്കിയിരുന്നു..

കീറിമുറിച്ചു മരണ കാരണം അറിയുന്നത്ര
കാക്കാൻ നേരമില്ലാഞ്ഞിട്ടാവണം
നാവ് കൊണ്ട് കീറിമുറിച്ചവർ കാരണവും
കണ്ടു കഴിഞ്ഞിരുന്നു..

അലമുറയിട്ട് കരയാൻ മാത്രം അവിടങ്ങളിൽ
ആരെയും കണ്ടിരുന്നില്ല..

സങ്കൽപ്പ ലോകങ്ങളെ ചിന്തകൾ കൊണ്ടെഴുതി
തീർത്തത് കൊണ്ടാവണം വേണ്ടപ്പെട്ടവരാരൊക്കെയോ
നേരത്തെ മരിച്ചു കഴിഞ്ഞിരുന്നു..

ചിലപ്പോളവർ അലമുറയിടുന്നതാവണം,,
നാളുകൾക്ക് ശേഷം വിരുന്നെത്തിയൊരു വേനൽ
മഴ അത്ര തന്നേ പെയ്തു തകർക്കുന്നുണ്ട്..

ആരുമില്ലാതെ പോയൊരു കവിയുടെ ആത്മഹത്യക്ക്
കുറച്ച് നേരമെങ്കിലും ആളെക്കൂട്ടുവാൻ
ആ മഴ അങ്ങനേ പെയ്യുന്നുണ്ട്..

കാലം തെറ്റി പെയ്തൊഴിയുന്ന കണ്ണീർ മഴയിലവിടെ
മിച്ചമിനിയും കുറെയക്ഷരങ്ങളുടെ അനാഥത്വം മാത്രം..



# ഇരകളുടെ സ്വാതന്ത്ര്യം

മേഞ്ഞുനടക്കുമ്പോൾ
ചവിട്ടിയരയ്ക്കപ്പെട്ട
ആയിരക്കണക്കിന് ഇരകളുടെ
ഒരേസമയത്തുള്ള
ഒരൊറ്റ ഗർജനത്തിലാണ്
അയാൾ ചെവിപൊട്ടി
ചങ്ക് തകർന്നു മരിച്ചത്...!

വിലാപ യാത്രയിൽ
കൂട്ടുപോയ റീത്തുകളിൽ
ഞെരിഞ്ഞമർന്നു വാടിയ
ദളങ്ങളായിരുന്നു ഏറെ
വിഷാദമകറ്റാൻ ആരോ
പനിനീർ തളിച്ചതിന്റെ
'ഫ്രഷ്നസ്' അവയിൽ
തെളിയുന്നുണ്ടായിരുന്നു

കുഴിമാടത്തിലേക്ക് എടുക്കുമ്പോഴും
പ്രതികാര ദാഹം തീരാതെ
കുന്തിരിക്കത്തിന്റെ കണ്ണുകൾ
പുകഞ്ഞുകൊണ്ടിരുന്നു
ചതച്ചരച്ച കാലുകളും
ആഞ്ഞു പതിപ്പിച്ച കൈകളും
അനക്കാൻ പോലുമാകാത്ത
അയാൾ പുക ശ്വസിച്ച്
വീണ്ടും വീണ്ടും മരിച്ചുകൊണ്ടിരുന്നു

അന്ത്യദർശനത്തിനെത്തിയ
നീണ്ടനിരയുടെ
(ഹർഷ) ബാഷ്പാഞ്ജലി
അയാളെ കുളിപ്പിച്ച് കുളിപ്പിച്ച്
പരിശുദ്ധനാക്കിക്കൊണ്ടിരുന്നു

ഒളിപ്പിച്ചുവച്ച മന്ദസ്മിതങ്ങളുടെ
തരംഗപ്രവാഹങ്ങളെ
അയാളുടെ ഇന്ദ്രിയങ്ങൾ
പിടിച്ചെടുക്കുന്നുണ്ടായിരുന്നു
പ്രാർഥനയിലും പ്രസംഗത്തിലും
വാഴ്ത്തുപാട്ടുകൾ അലയടിച്ച്
സ്തുതിവചനങ്ങൾക്ക്
ഉൾപ്പുളകമുണ്ടായി

പൂക്കൾ അലങ്കരിച്ച കല്ലറയ്ക്കു ചുറ്റും
നിരവധി കാലുകളും കൈകളും
ചലിച്ചുകൊണ്ടേയിരുന്നു,
സ്വാതന്ത്ര്യം കിട്ടിയ
രാത്രിയിലേതുപോലെ...!





ഇ. രുദ്രൻ വാരിയർ



# അഭയാർത്ഥികൾ



തസ്നി ജബീൽ

പിറന്നമണ്ണിൽ നിന്നും വേരുകളറുക്കപ്പെട്ടവരാണവർ
നിങ്ങളവരുടെ മേൽവിലാസം തിരയരുത്
മുകളിലാകാശം ,താഴെ ഭൂമിയെന്ന് പറഞ്ഞെന്ന് വരും .
ഒരിക്കലുമവരോട് സ്വപ്നങ്ങളെ കുറിച്ചു വാചാലമാകരുത്
സ്വന്തമായി ഒരു തുണ്ട് പോലുമില്ലാത്തവർക്കെവിടെയാണ്
സ്വപ്നം കാണാനിടം .
പൗരന്റെ ജന്മാവകാശങ്ങളെ കുറിച്ച് ഉദ്ബോധിപ്പിക്കുകയുമ
രുത്
ഒരു രാജ്യത്തിന്റെയും പൗരത്വപട്ടികയിലും അവരുടെ പേ
ര് കണ്ടെത്തിയില്ലെന്ന് വരാം

'കുറ്റവും ശിക്ഷയും 'എന്ന വിഷയം
അവർക്കു മുന്നിൽ വിശദീകരിക്കാൻ ശ്രമിക്കരുത്
ചെയ്തതെറ്റെന്തെന്നറിയാതെ ശിക്ഷയേറ്റു വാങ്ങുന്നവരാകാം
ചിലപ്പോൾ .

തണലെന്തെന്നും തെളിനീരെന്തെന്നും
ഓർമ്മപ്പെടുത്തരുത്
അകലെയെങ്ങാനുമൊരു ആശ്വാസതീരമുണ്ടാകുമെന്ന പ്രതീ
ക്ഷയിൽ പൊള്ളുന്ന മരുഭൂമിയോയിലൂടെയുള്ള ജീവിതയാ
ത്രയിലാണവർ

അവർ അഭയാർത്ഥികൾ
ആശ്രയമറ്റവർ
അനാഥർ
അവരും മനുഷ്യരാണ്
നമ്മെ പോലെ മജ്ജയും മാംസവുമുള്ള
പച്ചയായ മനുഷ്യർ



# ആയുസ്സിന്റെ ദിനങ്ങൾ



രാജൻതെക്കുംഭാഗം.

വെളുപ്പാൻ കാലത്ത് ഉറക്കമുണർന്ന ദീപുവിന്റെ ചിന്തകളിലേക്ക്, തന്റെ കൂട്ടുകാരൻ കുള്ളനും കറുമ്പനുമായ മുത്തുവിന്റെ സുന്ദരിയായ ഭാര്യ കടന്നുവന്നു.

മുത്തുവിനൊരിക്കലുമൊരു പെണ്ണു കിട്ടില്ലെന്നായിരുന്നു നാട്ടുകാരുടെ വിചാരം.

കിട്ടിയാൽത്തന്നെ ഏതെങ്കിലും വിരൂപിയായിരിക്കുമെന്നെ ദീപുവിനുണ്ടായിരുന്നുള്ളു.അങ്ങനെയിരിക്കെയാണ് നാട്ടിലെ ഏറ്റവും സുന്ദരിയായ ഗോപികയെ മുത്തു വിവാഹം കഴിച്ചത്.

അന്നു മുതൽ ദീപുവിന്റെ ചിന്തകളിൽ ഗോപിക നിറഞ്ഞു നില്ക്കുവാൻ തുടങ്ങി.

മുത്തുവിനെ ഇഷ്ടപ്പെടാതെ ഗോപിക അവിടെ നിന്നും ഇറങ്ങിപ്പോകുവാൻ ദീപുവിന്റെ മനസ്സു കൊതിച്ചു.

അധികം വൈകാതെ ദീപുവിനൊരു കാര്യം മനസ്സിലായി.

അവൾക്ക് കുള്ളനെ വലിയ ഇഷ്ടമാണെന്ന്.

ആ ജീവിതത്തിലവൾ സംതൃപ്തയുമാണെന്നറിഞ്ഞപ്പോൾ, അവനു തോന്നി അവർക്കൊരു കുഞ്ഞു പിറക്കാതിരുന്നെങ്കിലെന്ന്. പിന്നീട്, അവൾ ഗർഭിണി യാണെന്നറിഞ്ഞപ്പോൾ ആ വീട്ടിൽ ആഹ്ളാദം അലയടിച്ചുയർന്നു.

കുള്ളൻ ദിവസവും പലഹാരങ്ങളും പഴവർഗ്ഗങ്ങളുമായി എത്തുന്നതും, അവൾ അതീവ സന്തോഷത്തോടെ അതെല്ലാം കൊണ്ടുപോകുന്നതും കാണുമ്പോൾ, ദീപുവിന്റെ മനസ്സിൽ കാർമേഘങ്ങൾ നിറയുവാൻ തുടങ്ങി.

അങ്ങനെയിരിക്കെ ഗോപിക പ്രസവിച്ചു.

കുഞ്ഞിനു സംസാരശേഷിയും ചലനശേഷിയും ഇല്ലെന്നറിഞ്ഞപ്പോൾ, ഹൃദയം നുറുങ്ങുന്ന വേദന ദീപുവിന് അനുഭവപ്പെട്ടു.

നേരം പുലർന്നപ്പോൾ ആശുപത്രിയിലെത്തി ആ കുഞ്ഞിനെ ഒന്നു കാണുവാൻ തീരുമാനിച്ചു.

മുറിയുടെ വാതിൽ അടഞ്ഞു കിടക്കുകയായിരുന്നു.

തുറന്നു കിടന്ന ജാലകത്തിലൂടെ അകത്തേക്കു നോക്കി.

ഗോപിക മുറിയിൽ ഉണ്ടായിരുന്നില്ല.

കട്ടിലിൽ കിടക്കുന്ന കുഞ്ഞിന്റെ മുഖം കോടിയിരുന്നു.

പൊടുന്നനെ, ആ രംഗം കണ്ട ദീപു കണ്ണുകൾ ഇറുക്കിയടച്ചു.

പൈശാചികഭാവം നിറഞ്ഞ കുള്ളന്റെ പരുപരുത്ത കൈകൾ ആ കുരുന്നിന്റെ കഴുത്തിലേക്ക് നീണ്ടു പോകുന്നു!





മജീദ് മൂത്തേടത്ത്

# എടച്ചേരി ആന

**കോ**മപ്പൻ നായരുടെ ചായപ്പീടികയിലിരുന്ന് ബഡായി മൂസ്സ ദൃക്സാക്ഷി വിവരണം നടത്തുമ്പോൾ കേൾവിക്കാരുടെ കൂട്ടത്തിൽ ഇഖാസുമുണ്ടായിരുന്നു.

‘ വെറളിപൂണ്ട ആന പാപ്പാൻ കോവാലനെ തുമ്പിക്കയ്യോണ്ട് ചൊയറ്റിപ്പിടിച്ച് ഒറ്റേറ് മുളങ്കുണ്ടേൽക്ക്......ന്റെ റബ്ബേ രണ്ടാള് പൊക്കത്തിലാ ഓൻ പൊന്ത്യത് ‘

വയനാട്ടിലെ മരക്കൂപ്പുകളിൽ മേശ്ശിരിപ്പണിയ്ക്ക് പോയിരുന്ന കാലത്തെ അനുഭവങ്ങൾ പൊടിപ്പും തൊങ്ങലും ചേർത്ത് തട്ടിവിടുകയാണ് മൂസ്സ. എത്രയോ തവണ കേട്ടതാണെങ്കിലും അയാൾക്ക് മുന്നിൽ വാപിളർന്നിരിക്കാനായിരുന്നു ചായപ്പീടികയിലെ പതിവുകാർക്കിഷ്ടം.

ആനക്കമ്പക്കാരുടെ ഹരമായിരുന്ന എടച്ചേരി ശേഖരനാനയുടെ വീരകഥകളാണ് മൂസ്സ കൊട്ടിപ്പാടുന്നത്.

മലയാളക്കരയിൽ അത്രയും തലയെടുപ്പുള്ള ഒരു ആന വേറെ ഉണ്ടായിരുന്നില്ലത്രേ.

അതേസമയം കുറുമ്പിനും പേരുകേട്ടവനായിരുന്നു എടച്ചേരി ശേഖരൻ.

‘ കഞ്ഞിവെക്ക്ണ പെണ്ണ്ങ്ങളോട് സൊള്ളുന്ന തെരക്കിൽ നിങ്ങളെങ്ങനെ അതൊക്കെ കണ്ട്? ‘

ചോദിച്ചത് മരംവെട്ടുകാരൻ മൂത്തോറക്കുട്ടിയാ...

ബഡായിമൂസ്സയെ പൊളിച്ചടുക്കാനുള്ള പത്തല് തിരയുകയാണ് മൂത്തോറക്കുട്ടി. കൂപ്പിൽ കോടാലിപ്പണിക്ക് പോകാറുണ്ടായിരുന്ന അയാൾക്ക് മൂസ്സയുടെ തള്ളൽ അത്ര ദഹിക്കുന്നില്ല.

‘ എടച്ചേരി ആജ്യാര് ഞമ്മളോട് പ്രത്യേകം പറഞ്ഞിട്ട്ണ്ടായ്നും കോവാലൻ ആനയുടെ മർമ്മത്ത് വേദനാക്ക്ന്നുണ്ടോന്ന് നോക്കാൻ. അത് പരിശോധിക്കാനാ ഞമ്മളന്നപ്പം അങ്ങോട്ട് കേറിച്ചെന്നത് ‘

ബഡായിക്കാരൻ മൂത്തോറക്കുട്ടിയുടെ മുനയൊടിച്ചു.

‘ എന്നാപ്പിന്നെ നിങ്ങള് എങ്ങനെ രക്ഷപ്പെട്ട്? ‘

ഡ്രൈവർ കണ്ടൻകുട്ടി ഇടപെട്ടു.

‘പടച്ചോൻ തന്ന അരീം തണ്ണീം ബാക്കിയായതോണ്ട്. കോവാലനെ തൂക്കിയെറിഞ്ഞ ആന ചിന്നം വിളിച്ച് തിരിഞ്ഞ് നിന്ന് കൊമ്പ് ഒറ്റക്കൊടയൽ..

പൊറത്തിരിക്ക്ണ രണ്ടാം പാപ്പാൻ അരിദാസൻ കൊടാണിക്കയറിൽ തൂങ്ങിയാട്ന്നത് ഇപ്പളും ഞമ്മളെ കണ്ണില് തെളിയിണ് ‘

മൂസ്സ പിടിച്ചു നിൽക്കാൻ സാഹസപ്പെട്ടു. കൊല്ലപ്പുരയിൽ സൂചി തിരയാൻ ആരും മെനക്കെടേണ്ട എന്ന അർത്ഥത്തിൽ അ

യാൾ മൂത്തോറക്കുട്ടിയെ തറപ്പിച്ചൊന്നു നോക്കി.

' കേക്കട്ടെ, കേക്കട്ടെ. ..'

ചായ കുടിച്ച ശേഷം എഴുന്നേറ്റ് പോകൻ ഒരുങ്ങുകയിയിരുന്ന ഒസ്സാൻ മൊയ്തീൻകുഞ്ഞി ബഞ്ചിലേക്ക് തന്നെ കയറിയിരുന്നു. മുടി വെട്ടാൻ കാത്ത് നിൽക്കുന്നവർ അങ്ങനെ നിൽക്കട്ടെ.. ആനക്കഥ കേട്ടിട്ട് ബാക്കി കാര്യം!

' പിന്നെ എപ്പളാ ആന അടങ്ങിയത്? '

കൊല്ലൻ ബിച്ച്യാരുവും പങ്കു ചേർന്നു.

' ഞാൻ എടച്ചേര്യ ആജ്യാര് വിളിക്ക്ണ മാതിരി ഒറ്റ വിളി...ശേഖരാ......ന്ന്

പിന്നെ ഒരു പിടി മണ്ണ് വാരി ദിക്ക്റ് ചൊല്ലി ആനക്ക് നേരെ ഒറ്റേറ്. ..

ആന തുമ്പിക്കൈ താഴ്ത്തി സബൂറായി നിന്ന്..പിന്നെ ഹറാമ്പൊറപ്പൊന്നും കാട്ടീല്ല '

മൂസ്സയുടെ ബഡായി കേട്ട് മൂത്തോറക്കുട്ടി തൊള്ള പൊത്തിപ്പിടിച്ചു.

' അല്ലേലും ചെല പാപ്പാൻമാർക്ക് മൃഗസ്നേഹം കാണൂല. അത്തരക്കാരെ ആനകൾ ഉപദ്രവിക്കുമത്രേ '

തുന്നക്കാരൻ ചെറുണ്ണി താത്വികമായിട്ടാണ് അഭിപ്രായം പറഞ്ഞത്.

' എടച്ചേര്യ ആന...'

അതുവരെ എല്ലാവരും പറയുന്നത് കേട്ട് മിണ്ടാതിരിക്കുകയായിരുന്ന ഇഖാസ് മുരടനക്കി.

ബഡായിമൂസ്സയെ വിട്ട് എല്ലാവരും ഇഖാസിനെ വട്ടമിട്ടു.

കുട്ടിക്കൊമ്പനായിരുന്ന കാലം തൊട്ടേ, എടച്ചേര്യ കുളത്തിനടുത്ത് പന്തിയിലിട്ടിരുന്ന കാലം തൊട്ടേ ഇഖാസിന് ശേഖരനെ അറിയാമായിരുന്നു. അയാൾ പറയുന്നത് കേൾക്കാൻ എല്ലാവരും ചെവി കൂർപ്പിച്ചിരുന്നു.

പക്ഷേ ഇഖാസ് വാക്കു പൂർത്തിയാക്കാതെ തലകുനിച്ചിരിക്കുകയാണ്.

' എന്താ മദംപൊട്ട്യത് നിയ്യ് കണ്ടീനോ '

മൂത്തോറക്കുട്ടി ഇഖാസിനെ പിടിച്ചു കുലുക്കിക്കൊണ്ട് ചോദിച്ചു.

' എടച്ചേര്യ ആന....'

ഇഖാസ് തുടങ്ങിയേടത്ത് തന്നെ വീണ്ടും നിർത്തി.

തെല്ലു നേരത്തെ നിശ്ശബ്ദത.

' എന്താന്ന് വെച്ചാ വേഗം പറയിക്കാസെ, പീട്യേല് കസ്റ്റമറ് കാത്ത് നിക്ക്ണ് '

ഒസ്സാൻ മൊയ്തീൻകുഞ്ഞി തിടുക്കം കൂട്ടി.

' നിങ്ങള് തോക്കിന്റെടേൽ കേറി വെടി വെക്കല്ലി മനുഷമ്മാരെ ...

എന്താന്ന് വെച്ചാൽ ഓൻ പറയട്ടെ ' ചായപ്പോഞ്ചിയിലെ പൊടിച്ചണ്ടി പുറത്തേക്ക് തട്ടുന്നതിന്നിടയിൽ ചായക്കാരൻ

ഇടപ്പെട്ടു. അയാൾ കടുപ്പത്തിലൊരു ചായയിട്ട് ഇഖാസിന്റെ കയ്യിലേക്ക് നീട്ടി.

' എടച്ചേര്യ ആന ഞമ്മളെ കുത്തൂല്ല...'

ചായ ഒന്നിറക്കിയ ശേഷം ഇഖാസ് സാവകാശം പറഞ്ഞു.

' അതെന്താക്കാസ്സേ '

കേട്ടുനിൽക്കുന്നവർ കൂട്ടത്തോടെ ചോദിച്ചു.

' ഞമ്മള് അതിന്റട്ത്തേക്ക് പോകൂല്ല...'

ഇഖാസിന്റെ മുഖത്ത് കൂസലില്ലായ്മ.

ആ മറുപടി കേട്ട

ബഡായിമൂസ്സ കുനിഞ്ഞ ശിരസ്സുമായി ചായപ്പീടികയുടെ പിന്നാമ്പുറത്തുകൂടി പുറത്തേക്കിറങ്ങി, കമുങ്ങിൻ തോട്ടത്തിൽ ഇല്ലാതായി...



# ചൊൽക്കാഴ്ച

രാജൻ എലവത്തൂർ



## ഗ്യാസ്

ചൂടേറി
വില കയറി
പണമില്ലാ മനുഷ്യരാകെ
ഗ്യാസായി!



## രൗദ്രം



ആടിനെ കൊല്ലുമ്പോഴും
ആട്ടിറച്ചി വെട്ടി നുറുക്കുമ്പോഴും
മനുഷ്യനെ വെട്ടിനുറുക്കുമ്പോഴും
അയാൾക്കൊരേ ഭാവമായിരുന്നു.

## വിഭജനം

പഴയ ഓർമ്മകളോടെ
പഴയ കുന്നംകുളം ടൗണിൽ
അയാൾ വാപൊളിച്ചുനിന്നപ്പോൾ
പുതിയ സ്റ്റാന്റ് അയാളെ
ആകപ്പാടെ വിഴുങ്ങി
അതോടെ അയാളും
കുന്നംകുളവും വിഭജിക്കപ്പെട്ട
അവസ്ഥയിലായി.





പണ്ട് കുട്ടിക്കാലത്ത് വീട്ടുമുറ്റത്ത്
മണ്ണുവാരി മണ്ണപ്പം ഉണ്ടാക്കി കളിച്ച
കാലമോർത്തയാളിപ്പോൾ
വീട്ടുമുറ്റത്തുനിന്നു -
കാലമേ കലികാലമേ
ഇപ്പോളയാളുടെ വീട്ടുമുറ്റം നിറയെ
കോൺക്രീറ്റ് മയം
മണ്ണില്ല, മണ്ണിരയില്ല, മണ്ണപ്പം
ഉണ്ടാക്കാനാവാതെ അന്ധാളിച്ചു നിന്നു

ബസ്കാത്ത് സ്റ്റോപ്പിൽ
സമയമേറെ നിന്ന് വലഞ്ഞപ്പോൾ
സ്കൂളിൽ അവസാന പിരിഡ്
പെട്ടെന്ന് കഴിയാറായി
കട്ടുറുമ്പിനെ മൺകൂനക്കകത്തിട്ട്
പൊത്തിപ്പിടിച്ചിരുന്ന വിഡ്ഢിത്തമോർത്ത്
വാപൊത്തി



പണ്ട് വീടുകളിൽ ഒരാളെത്തിയാൽ
സ്വീകരിച്ചിരുത്തും
തണുത്ത വെള്ളം, സംഭാരം
എന്നിവ നൽകും.
വർത്തമാനം പറയുന്നതിനിടക്ക്
കാപ്പിയും പലഹാരങ്ങളും എത്തും



പുതുകാലത്ത് വീട്ടിലെത്തിയ
ആളെ സ്വീകരിച്ചിരുത്തും
വർത്തമാനത്തിനിടയിൽ
കൈകൊണ്ടും, കണ്ണുകൊണ്ടും
ആക്ഷൻകാട്ടി മുറിയിലേക്ക്
കൊണ്ടുപോയി കുടിക്കാൻ
മദ്യം നൽകും.
അതിഥിസൽക്കാരം അങ്ങിനെ



## ക്ലീൻഷേവ്

വീടും നാടും വിട്ടയാൾ
ദീർഘയാത്ര കഴിഞ്ഞെത്തിയപ്പോൾ
വീടും നാടും പലതായി
ആളുകളും
ഒന്നും തിരിച്ചറിഞ്ഞില്ല
ചൂടു കാരണം തല
മുണ്ഡനം ചെയ്തിരുന്നതിനാൽ
അയാളേയും ആരും
തിരിച്ചറിഞ്ഞില്ല.







# അന്നു



വാസുകി

**പ**കലുകളും രാത്രികളും മുറിക്കുള്ളിലെ വെളിച്ചവും ഇരുട്ടും മാത്രമായി അവസാനിക്കുന്നു. മുറിയിലെ ചുമരിൽ തൂക്കിയ നീളത്തിലുള്ള മരത്തടിയിൽ തീർത്ത ഘടികാരത്തിലെ സൂചികളുടെ ചലനത്തിന് വേഗത ഇത്ര കുറവായിരുന്നോ എന്ന് സാവിത്രി അതിശയത്തോടെ ഓർത്തു.

അവൾ ഘടികാരത്തിൽ നിന്ന് കണ്ണുകൾ പിൻവലിച്ച് ദീർഘമായൊരു നിശ്വാസം വലിച്ചു വിട്ടു. പിന്നെ പതിയെ നടന്ന് ചെന്ന് ജനൽ കതക് തുറന്നു പുറത്തേക്ക് നോക്കി. കണ്ണുകൾ പരതുന്ന ആദ്യ കാഴ്ച മതിൽക്കെട്ടിനുള്ളിലെ പൂന്തോട്ടത്തിലേക്കും പിന്നെ മതിലിനപ്പുറമുള്ള വീതിയേറിയ രണ്ടുവരിപ്പാതയിലേക്കുമാണ്. മഞ്ഞ് വീഴ്ച്ച മാറി പാതകളെല്ലാം വെള്ളപ്പുതപ്പ് അഴിച്ചു മറ്റിക്കഴിഞ്ഞിരുന്നു. എത്ര ശക്തമായ മഞ്ഞ് വീഴ്ച്ചയിലും പാതയിലെ തിളങ്ങുന്ന കണ്ണുകളുള്ള വാഹനങ്ങളുടെ നീണ്ട വരിയും അവയുടെ ചലനവും ഉറുമ്പിൻ വരിയെ അനുസ്മരിപ്പിക്കുന്നതായിരുന്നു.

മഞ്ഞുകാലത്ത് സ്നോവിൽ കുത്തി നിർത്തിയ ഉണക്കച്ചുള്ളികൾ പോലെ കാണപ്പെട്ടിരുന്ന ചെടികളിൽ 'ആരാമത്തിന്റെ രോമാഞ്ചം' പോലെ പച്ച നാമ്പുകൾ കുരുത്ത് കണ്ണിന് കുളിർമ നൽകുന്ന വസന്തത്തിന്റെ ഇന്ദ്രജാലം അദ്ഭുതാവഹമാണ്. അതുവരെ വേർതിരിച്ചറിയാൻ കഴിയാതിരുന്ന പാഴ്ച്ചെടികൾ അദൃശ്യമായ ഒരു പിഞ്ചാരികയുടെ പ്രയോഗത്താലെന്നപോലെ നാലഞ്ചു നാൾക്കകം പനിനീരായും, പിച്ചകമായും, ആപ്പിളായും, മുന്തിരിയായും തളിർത്തു. മുറിക്കുള്ളിൽ അടഞ്ഞിരുന്ന ഈ ഒറ്റ മാസത്തിനുള്ളിൽ തന്നെ പൂന്തോട്ടം നിറയെ പൂക്കളായി.

മക്കളോടൊപ്പം ഈ നഗരമധ്യത്തിൽ ജീവിതം തുടങ്ങിയതിനു ശേഷം ടെലിവിഷനിലും, പുസ്തകങ്ങളിലും മാത്രമേ സാവിത്രി പൂക്കൾ കണ്ടിരുന്നുള്ളൂ. ഇവിടെ മനുഷ്യനും, മനുഷ്യന്റെ പുരോഗമനത്തിനായി നടത്തിയ കണ്ടുപിടുത്തങ്ങൾക്കും മാത്രമേ സ്ഥാനമുണ്ടായിരുന്നുള്ളൂ. അടുത്തടുത്തായുള്ള കൂറ്റൻ കെട്ടിടങ്ങളും വാഹനങ്ങളും തിരക്ക് പിടിച്ച ജീവിതങ്ങളും മാത്രം. ഇതിനിടയിൽ പൂക്കൾക്ക് സ്ഥാനമില്ലായിരുന്നു. കാരണം, പൂവ് മനുഷ്യന്റെ കണ്ടുപിടുത്തമല്ലല്ലോ.? പിന്നെ മനുഷ്യന്റെ സൃഷ്ടിയായതിനാലാവാം പൂക്കളുടെ പ്ലാസ്റ്റിക് പതിപ്പ്

പലതരത്തിൽ ഫ്ലാറ്റിനുള്ളിൽ മോടി കൂട്ടാൻ വെക്കുന്നത് കണ്ടിട്ടുണ്ട്. അതൊരിക്കലും വാടുകയുമില്ല ഉണങ്ങുകയുമില്ല.

വാടാത്ത പൂവിനെ എവിടെ വേണമെങ്കിലും സൂക്ഷിച്ച് മടുപ്പ് വരും വരെ ആസ്വാദിക്കാം.

അതൊകൊണ്ട് പുതുതലമുറയിലെ ആർക്കും വീണ പൂവിനെ ചൊല്ലി

'കണ്ണേ മടങ്ങുക; കരിഞ്ഞുമലിഞ്ഞുമാശു

മണ്ണാകുമീ മലരു; വിസ്മൃതമാകുമിപ്പോൾ.

എണ്ണീടു , കാർക്കുമിതുതാൻ ഗതി - സാദ്ധ്യമെന്തു

കണ്ണീരിനാ ? ലവനിവാഴ് വു കിനാവു കഷ്ടം!'

ഇങ്ങനെയൊന്നും ഒരിക്കലും വിലപിക്കേണ്ടി വരില്ലല്ലോ എന്ന ചിന്തയിൽ അവൾ സ്വയം ആശ്വാസം കണ്ടെത്തി.

എന്നാൽ ഇപ്പോൾ സാവിത്രിക്ക് അവളുടെ തോട്ടത്തിലെ മുന്തിരി തളിർക്കുന്നതും, ബദാം പൂക്കുന്നതും ശിശിരനിദ്രയിൽ നിന്നുണർന്ന നാനാതരം പൂച്ചെടികൾ ഓരോന്നോരോന്നായി കൺമിഴിക്കുന്നതും പലപ്പോഴും നോക്കി നിൽക്കാൻ കഴിയുന്നു. അങ്ങനെ വിരസതയുടെ കയങ്ങളിലേക്ക് കൂപ്പ് കുത്തിക്കൊണ്ടിരുന്ന ഉറക്കത്തിൽ നിന്ന് അല്പാല്പമായി ഉണർന്നെഴുന്നേൽക്കാൻ തുടങ്ങുകയായിരുന്നു സാവിത്രി.

കുറേകാലമായി സാവിത്രി കേൾക്കാറുള്ള പാട്ടുകളിലും ഓണക്കാലത്തിന്റെ ഓർമ്മകളിലും മാത്രമായി അവശേഷിച്ചിരുന്ന പൂക്കൾ ഒരു യാഥാർത്ഥ്യമായിത്തന്നെ അവൾക്ക് മുന്നിൽ രൂപം കൊണ്ടു. അപ്പോൾ മുതൽ ആ

വൃദ്ധസദനത്തിലെ പുലർക്കാലങ്ങൾ പൂക്കളോടൊപ്പം ഉണരാനും, പുതുമൊട്ടുകളും അപ്പോൾ വിരിഞ്ഞ പൂക്കളും രാത്രി കൊഴിഞ്ഞ പൂക്കളും പുലർ വെളിച്ചത്തിൽ നോക്കി നിൽക്കുക എന്നതും സാവിത്രിയുടെ പതിവുകളായി.

ഇങ്ങനെ ഒന്നിനുമല്ലാതുള്ള ജീവിതം ഒരു വ്യത്യാസവുമില്ലാത്ത മുറിക്കുള്ളിലും മാറി മാറി വരുന്ന കാലാവസ്ഥയിൽ പ്രകൃതിക്കുണ്ടാകുന്ന വ്യത്യസങ്ങളുടെ കാഴ്ചകളിലും കുതിർന്ന് ഇപ്പോൾ നീണ്ട ആറു വർഷങ്ങളുടെ ഒരേ വിരസത മാത്രമേ സാവിത്രിയുടേതായി പറയുവാനുണ്ടായിരുന്നുള്ളൂ.

എന്നാൽ കൺകുളിർക്കുന്ന ആ കാഴ്ചയിലും ഏത് പാതിരാത്രിയും ചെവിയിൽ ആർത്തലച്ചിരുന്ന ആ ശബ്ദ കോലാഹലങ്ങൾക്കും കഴിഞ്ഞ ഏതാനും ദിവസങ്ങളായി തീർത്തും വിരാമമായിരിക്കുന്നു. എങ്കിലും ഇടക്കിടെ സൈറൻ മുഴക്കി ചീറിപ്പാഞ്ഞു പോകുന്ന പോലീസ് വാഹനങ്ങളും ആംബുലൻസുകളുടെയും ശബ്ദമൊഴിച്ചാൽ അന്തരീക്ഷം തീർത്തും നിശബ്ദമായിരിക്കുന്നു. ഏതോ സത്വത്തിന്റെ വയറിനുള്ളിൽ അകപ്പെട്ട ശ്മശാന മൂകതയിൽ മുങ്ങിതാഴ്ന്നത് പോലെ ആകെയൊരു നിശ്ചലാവസ്ഥ.

എന്നാലും സാവിത്രി ഈ നിശബ്ദതയെ ഒരുപാട് ഇഷ്ടപെടുന്നുണ്ടായിരുന്നു. അവൾ ജീവിച്ച് വളർന്ന ചുറ്റുപാട് വച്ച് കഴിഞ്ഞു പോയ വർഷങ്ങളും ഇപ്പോൾ കടന്ന് പോയിക്കൊണ്ടിരിക്കുന്ന ജീവിതവും ഒരിക്കലും സങ്കൽപ്പിക്കാൻ പോലും കഴിയുന്നതായിരുന്നില്ല എന്നതാണ് അതിന് കാരണം.

മൂത്ത പുത്രൻ യുകെയിലെ ഏതോ വലിയ കമ്പനിയിൽ ജോലി ശരിയായി പോയത് മുതൽ അവളുടെ ജീവിതത്തിലും ചില പരിഷ്കാരങ്ങൾ വന്ന് തുടങ്ങിയിരുന്നു.

അല്ലെങ്കിലും ശേഖരൻ മാഷിന്റെ രണ്ട് മക്കളും പഠിക്കാൻ മിടുക്കരായിരുന്നു. മൂത്തവന് ജോലി കിട്ടി അധികം വൈകാതെ ഇളയവളും ചേട്ടനരികിലേക്ക് ചിറകുകൾ വിടർത്തി പറന്നു . അന്ന് ശേഖരൻ മാഷിനൊപ്പം തന്റെയും മനസ്സ് സന്തോഷവും അഭിമാനവും കൊണ്ട് വല്ലാതെ ഞെളിപിരി കൊണ്ടിരുന്നു എന്നത് നഗ്നമായൊരു സത്യമാണ്.

പരിഷ്കാരങ്ങൾ വന്നെങ്കിലും ടെലിവിഷന്റെ റിമോട്ടിൽ ചാനൽ മാറ്റുന്നതൊഴിച്ചാൽ മറ്റെല്ലാം സാവിത്രിക്ക് ഇന്നും അന്യമായിരുന്നു. അതുകൊണ്ടൊക്കെത്തന്നെ അവൾ സ്ഥിരം പെരുമാറിയിരുന്ന അടുക്കളയിൽ മാറ്റങ്ങൾ വരാൻ പിന്നേയും വർഷങ്ങൾ വേണ്ടി വന്നു. മൺപാത്രങ്ങൾ മാത്രം കണ്ട് ശീലിച്ച അവൾ സ്റ്റീൽ പാത്രങ്ങളുടെ സുഖമമായ ഉപയോഗവും ഇപ്പോൾ ഊണ് മേശയിലും അടുക്കളയിലും സ്ഥാനം പിടിച്ച നോൺസ്റ്റിക്കും ക്രോക്കറിയും എല്ലാം അദ്ഭുതത്തോടെ മാത്രമേ കണ്ട് പോന്നിരുന്നുള്ളൂ. ഒരു തുള്ളി എണ്ണ തൊടാതെ ചുട്ടെടുക്കുന്ന ദോശയും രണ്ട് മൂന്ന് കറക്കത്തിൽ ദോശക്ക് തൊട്ട് കൂട്ടാൻ ഉണ്ടാക്കുന്ന ചമന്തിയും അവളെ നോക്കി കളിയാക്കി ചിരിച്ചു.

വർഷങ്ങൾ കഴിഞ്ഞ് രണ്ടോ മൂന്നോ ആഴ്ച്ചക്ക് വീട്ടിലെത്തുന്ന മക്കൾക്കും എന്നും

വീട്ടിൽ ഉള്ള പ്രിയപ്പെട്ടവനും സാവിത്രിയുടെ ഭക്ഷണത്തിന് രുചി പോരാതായി. ആദ്യം ഹോട്ടലുകളിലേക്ക് ചേക്കേറുകയും പാർസലുകൾ വാങ്ങലുമായിരുന്നന്നതിൽ നിന്ന് ഒരു ഫോൺ വിളിയിൽ പതിനഞ്ച് മിനിറ്റിൽ ഫ്ലാറ്റിന്റെ മുൻ ഡോറിൽ പറന്നെത്തുന്നതായി ഭക്ഷണം.

അടുക്കളയിലെ നൂതന സാങ്കേതിക വിദ്യകളെല്ലാം പൊടിയും മാറാലയും പിടിക്കാതിരിക്കാൻ ഇടക്കിടെ സാവിത്രി അടുക്കളയിൽ കയറി തൂത്ത് വൃത്തിയാക്കും. ചില സമയം പൂതി തോന്നി കഞ്ഞിയും തോരനും മുളക് ചുട്ടരച്ച ചമന്തിയും ഉണ്ടാക്കി കഴിക്കും. പുരോഗമനം കൂടിക്കൂടി ജനിച്ച നാടിനോട് തന്നെ വല്ലാത്ത അവജ്ഞ തോന്നിയ രണ്ടു മക്കളും കൂടി ഇവിടെ ഉള്ളതെല്ലാം വിറ്റ് പണമാക്കി സാവിത്രിയേയും മാഷിനേയും പുരോഗമനത്തിന്റെ പറുദീസയിലേക്ക് റാഞ്ചിയെടുത്ത് പറന്നകന്നു.

പക്ഷേ അവിടെയെത്തി കുറച്ച് മാസങ്ങൾ കഴിഞ്ഞപ്പോൾ പുരോഗമനം തൊട്ട് തീണ്ടാത്ത സാവിത്രി മക്കളുടെ കണ്ണിൽ ഉപയോഗമില്ലാത്ത വിഴുപ്പ് ഭാണ്ഡം മാത്രമായി മാറി. എങ്കിലും ആക്രി കൊണ്ടുപോയി ഇടുന്ന വൃത്തിഹീനമായിടത്ത് ഉപേക്ഷിക്കാൻ അവർക്ക് തോന്നാത്തത് ചിലപ്പോൾ ഉപേക്ഷിച്ച സ്ഥലത്തിന്റെ മഹിമ പറഞ്ഞ് ഗർവ് കാണിക്കാൻ കഴിയാത്തത് കൊണ്ടായിരിക്കും.

അങ്ങനെ ലണ്ടനിലുള്ള വലിയ 'ഹൈ ഒക്കി പേയ്ഡ്' വൃദസദനത്തിലെ അന്തേവാസികളായി മാറി സിവിത്രിയും ശേഖരനും. എന്നാൽ സിവിത്രിക്കൊപ്പം ശേഖരനും ഉപേക്ഷിക്കപ്പെട്ടത് എന്തുകൊണ്ടാണെന്ന് എത്ര ആലോചിച്ചിട്ടും ഉത്തരം കിട്ടാത്ത സമസ്യയായി സാവിത്രിയുടെ മനസ്സിനുള്ളിൽ നീറിപ്പുകഞ്ഞ് കൊണ്ടേയിരുന്നു.

എന്തെന്നാൽ ശേഖരൻ മാഷ് മക്കളോടൊപ്പം എല്ലാ പുരോഗമനങ്ങളേയും ആവേശത്തോടെ നുകർന്നിരുന്നതാണ്. നല്ല ഇറുക്കൻ ജീൻസും അതിനു മുകളിൽ ഇൻസൈഡ് ഷർട്ടും, കൈയ്യിൽ സ്മാർട്ട് ഫോണും എപ്പോഴും ഡൈ ചെയ്ത് മിനുക്കിയിരുന്ന തലമുടിയുമായി മാഷ് മക്കളുടെ അന്തസ്സ് കാത്തിരുന്നു. പേര് പോലും പരിഷ്കരിച്ച് ശേഖരൻ കുട്ടി എന്നത് മാറ്റി ശേഖർ എന്നാക്കിയേ തന്നെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തിയിരുന്നുള്ളൂ. അങ്ങനെ അടിമുടി മാറി പുതുതലമുറക്കാരനായ മാഷിന്റെ ഇഷ്ട ഭക്ഷണങ്ങളിൽ പോലും പീസായും, ബർഗറും സ്ഥാനം പിടിച്ചിരുന്നു. പലപ്പോഴും അദ്ദേഹം അത് ആർത്തിയോടെ തിന്നുന്നത് കാണുമ്പോൾ സിവിത്രിയുടെ ചുണ്ടിൽ ചിരി പൊട്ടുമെങ്കിലും അത് ഉള്ളിലൊതുക്കി എന്തെങ്കിലുമൊക്കെ കഴിച്ചെന്ന് വരുത്തി എണീറ്റ് പോകലാണ് അവളുടെ പതിവ്.

വൃദ്ധസദനത്തിലെ അന്തേവാസികളുടെ പട്ടികയിൽ ഇടം പിടിച്ചതും ശേഖർ വീണ്ടും ശേഖരൻ കുട്ടിയും ശേഖരൻ മാഷുമൊക്കെയായി പരിണമിക്കുന്നതും സാവിത്രി മൗനത്തോടെ തന്നെ നോക്കിക്കണ്ടു.

ശേഖരൻ മാഷും അതോടെ ജരാ നരകൾ ബാധിച്ച് ഓജസും തേജസും നഷ്ടപ്പെട്ട കിഴവനായി മാറി. ആ മാറ്റം കണ്ടു നിന്ന സാവിത്രിയിൽ നോവിന്റെ പുതിയ നാമ്പുകൾ പൊട്ടി മുളച്ചു. ഒരേ മതിൽക്കെട്ടിനുള്ളിലെ വ്യത്യസ്ത മുറികളിൽ അപരിചിതരെ പോലെ നീണ്ട ആറുവർഷക്കാലമായി വനവാസത്തിലാണ് രണ്ട് പേരും. പക്ഷേ, വനവാസ സമയത്തും ശ്രീരാമനും സീതയും ഒരുമിച്ചായിരുന്നല്ലോ എന്നോർക്കുമ്പോൾ നെഞ്ചിൽ പൊട്ടിപ്പുറപ്പെടുന്ന ചെറു നോവോടെ സാവിത്രിയുടെ കണ്ണുകൾ ഇടക്കിടെ പെയ്ത് തോർന്നുകൊണ്ടിരിക്കും. എന്നാൽപോലും ശേഖരൻ മാഷിനടുത്തേക്ക് പോകാനോ രണ്ട് വാക്ക് മിണ്ടാനോ സാവിത്രിയുടെ മനസ്സും ശരീരവും കൂട്ടാക്കിയില്ല എന്നത് മറ്റൊരതിശയം.

ജീവിതത്തിന്റെ പല ഘട്ടങ്ങളിലും കയപ്പും മധുരവും നുകർന്ന് ഒരുമിച്ച് യാത്ര ചെയ്തിരുന്നെങ്കിലും സാവിത്രിയും ശേഖരൻ മാഷും ഒരു വാഹനത്തിലെ വ്യത്യസ്ത ദിശയിലേക്ക് പോയിക്കൊണ്ടിരുന്ന രണ്ട് യാത്രക്കാർ മാത്രമായിരുന്നു.

ഇതിനിടയിലാണ് ഭൂമിയിൽ പിറവി കൊണ്ട് മനുഷ്യ കുലത്തിനെ മുഴുവനായി ഉൻമൂലനം ചെയ്തു കൊണ്ടിരിക്കുന്ന ഒരു കുഞ്ഞൻ രോഗാണുവിനെക്കുറിച്ച് പറഞ്ഞ് കേട്ടത്. അത് കേട്ട് ഒരാഴ്ച കഴിയുമ്പോഴേക്കും സാവിത്രിയുടെ തൊട്ടു മുകളിലെ മുറിയിലെയും താഴെ മുറിയിലേയും അന്തേവാസികൾ ഒരു രാത്രി ഇരുട്ടി വെളുക്കുമ്പോഴേക്കും വിടവാങ്ങിക്കഴിഞ്ഞിരുന്നു.

ഈ കുഞ്ഞൻ അണുവിന് ഏറെ പ്രിയം പ്രായമായവരെയാണെന്ന് കൂടി പറഞ്ഞു കേട്ടപ്പോൾ സാവിത്രിയുടെ ചിന്തയിൽ കയറിപ്പറ്റിയത് തങ്ങളുടെ ഭാരം തീർക്കാൻ പലരുടെയും മക്കൾ കൂട്ടമായിച്ചേർന്ന് ഉണ്ടാക്കിയെടുത്തതാവും ഈ കുഞ്ഞൻ അണുവിനെ എന്നാണ്.

ഇവിടെ എത്തിയത് മുതൽ പറഞ്ഞു കേൾക്കുന്ന മറ്റൊരു കാര്യം കൂടിയാണ് സാവിത്രിയിൽ ആ ചിന്ത ഇത്ര ബലപ്പെടാൻ മുഖ്യകാരണം. യുകെയിലെ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ വൃദ്ധർ ജീവിക്കുന്നത് അവിടെയാണത്രെ. അതിൽ ഭൂരിഭാഗവും വൃദ്ധ സദനങ്ങളിലും. ഈ കുഞ്ഞൻ അണുവിന്റെ വരവോടെ ഒരാഴ്ചക്കൊണ്ട് അത് നേർപകുതിയായി ചുരുങ്ങിയിട്ടുണ്ട് പോലും.

ഈ മരണങ്ങൾ അങ്ങനെയുള്ള മക്കൾക്ക് ഒരു ബോണസ് കൂടിയാണല്ലോ. മരണം എന്നത് ഒരാശ്വാസം കൂടിയാണെന്ന ചിന്തയിൽ ഇരിക്കുന്ന തന്നെപ്പോലെയുള്ളവർക്ക് കുഞ്ഞൻ അണു ആശ്വാസവാഹകനാണെന്നും സാവിത്രി മനസ്സിനെ പറഞ്ഞ് വിശ്വസിപ്പിച്ചു.

ഇപ്പോൾ തങ്ങളെ പരിപാലിക്കാൻ നിൽക്കുന്ന ചെറുപ്പക്കാർക്ക് വൃദ്ധർ ഒരു പേടിസ്വപനമായി മാറിയിരിക്കുന്നു. അവർ അറപ്പോടെയും വെറുപ്പോടെയും മാത്രം നോക്കി കാണാൻ തുടങ്ങിയിരിക്കുന്നു. വൃദ്ധസദനങ്ങളെല്ലാം മരണം മണക്കുന്ന മനുഷ്യരും മുറികളും നിറഞ്ഞ കൂറ്റൻ കെട്ടിടങ്ങളായി മാറി. അധികം വൈകാതെ മുറികളെല്ലാം പുറത്ത് നിന്ന് പൂട്ടപ്പെട്ടു. ദിവസത്തിൽ രണ്ട് നേരം മാത്രം ഭക്ഷണവും രണ്ട് ലിറ്റർ വെള്ളവും അവിടത്തെ ചെറുപ്പകാരായ ജോലിക്കാർ ഓരോ വെളുത്ത പ്ലാസ്റ്റിക് കവറിനുള്ളിൽ കയറിക്കൂടി അന്യഗ്രഹത്തിൽ നിന്നെത്തിയവരെപ്പോലെ ഓരോ കതകിലും തട്ടി വിളിച്ച് ഏൽപ്പിക്കും.

ചില സമയം സാവിത്രിക്ക് തോന്നും ഭൂമിയിലെ വൃദ്ധർ മക്കൾക്ക് മാത്രമല്ല ദൈവത്തിനു പോലും വേണ്ടാത്തവരാണെന്ന്.

അങ്ങനെ ദിവസങ്ങൾ കടന്ന് പോയി. കതകിനു പുറത്തെത്തിയ വെളുത്ത കവറിനുള്ളിലെ അദ്ഭുത മനുഷ്യർ പരസ്പരം പറയുന്നത് കാതിൽ മുഴങ്ങിയ നേരം മനസ്സിന്റെ കോണിൽ ഒരു കൊള്ളിയാൻ പാഞ്ഞ് പോകുന്നത് പോലെ സാവിത്രിക്ക് തോന്നി.

ആ കുഞ്ഞൻ അണു മൂന്ന് മാസം പ്രായമുള്ള കുഞ്ഞിന്റെ അമ്മയിൽ പ്രവേശിച്ചിരുന്നുവെന്നും മറ്റാരും ഇല്ലാത്തതിനാൽ ആ അമ്മയുടെ മരണം നടന്ന് മൂന്ന് ദിവസം കഴിഞ്ഞും ആ മാതൃത്വം കുഞ്ഞിനു വേണ്ടി ജീവനീര് ചുരത്തി സംരക്ഷിച്ചുവെന്നും.

അവർ പറഞ്ഞ അതേ പ്രായത്തിലുള്ള കുഞ്ഞുമായി തന്റെ മകളും അതേ കെട്ടിടത്തിന്റെ ഒരു ഫ്ലാറ്റിൽ ഒറ്റക്ക് ജീവിക്കുന്നുണ്ടായിരുന്നല്ലോ.

എങ്ങനെ പുറം ലോകം ഈ വാർത്തയറിഞ്ഞ് അവരുടെ അരികിലേക്കെത്തി എന്ന് സിവിത്രിക്ക് ഒരറിവുമുണ്ടായിരുന്നില്ല.

കേട്ടറിഞ്ഞ സാവിത്രിയുടെ വേദന ഇത്രമാത്രമാണെങ്കിൽ നേരിട്ട് കണ്ടവരുടെ അവസ്ഥ എന്തായിരിക്കും.?

ആ കുഞ്ഞിന്റെ ഓരോ നിലവിളിയും പലപ്പോഴും സാവിത്രിയുടെ കാതുകളിൽ അലയടിച്ചിരുന്നു. അമ്മയുടെ മുലക്കണ്ണ് വലിച്ച് ആ നെഞ്ചിൽ പറ്റിച്ചേർന്ന് കമിഴ്ന്ന് കിടക്കുന്ന കുഞ്ഞിന്റെ ചിത്രം നേരിൽ കണ്ടത് പോലെ സാവിത്രിയുടെ മനസ്സിന്റെ ഒരു കോണിൽ പതിഞ്ഞ് കിടന്നു.

ഈ ചിന്തകൾ ഉള്ളിൽ ഉടലെടുക്കുമ്പോഴേ ആ കുഞ്ഞ് ഹൃദയത്തിൽ ജീവന്റെ തുടിപ്പ് സ്വയം തൊട്ടറിയുന്നത് പോലെ പലപ്പോഴും തന്റെ ഉള്ളം കൈയ്യ് വല്ലാതെ തുടിക്കുന്നത് സിവിത്രി അനുഭവിച്ചു.

ഈ വാർത്ത അറിഞ്ഞതു മുതൽ മനസ്സിനുണ്ടായിരുന്ന നിർവികാരത ഒരു ജിജ്ഞാസയായി ഉടലെടുത്തിരുന്നു. അതുവരെ തങ്ങളെ വേണ്ടാത്ത മക്കളെക്കുറിച്ച് വലിയ ആധികൾ ബാധിക്കാതിരുന്ന നരച്ച മനസ്സിലിപ്പോൾ കത്തി കൊണ്ട് വരഞ്ഞ പോലുള്ള വേദന. അതിൽ ഇടക്കിടെ രക്തം പൊടിഞ്ഞ് ചാലുകൾ കീറി പലയിടത്തേക്കും ഒഴുകിപ്പരക്കുന്നതായും തോന്നിയിരുന്നു.

എന്നാൽ തൊട്ടടുത്ത കെട്ടിടത്തിലെ മുറിക്കുള്ളിൽ തന്റെ ജീവന്റേയും ജീവിതത്തിന്റേയും പാതിയായിരുന്ന ശേഖരേട്ടന് തന്നെ എന്തെങ്കിലും പറ്റിയോ എന്നറിയാനോ അന്വേഷിക്കാനോ കഴിയാതിരിക്കുന്ന താൻ എന്ത് ചെയ്യാൻ എന്ന് സാവിത്രി സ്വയം വിലപിച്ചു.

കുഞ്ഞൻ അണു കൊണ്ടു പോയ കുഞ്ഞിന്റെ അമ്മക്കും ഉണ്ടാവില്ലേ ഒരമ്മയും അച്ഛനും. തങ്ങളെപ്പോലെ തന്നെ തലമുടി നരച്ച് പല്ല് കൊഴിഞ്ഞ് പ്രായം ചെന്ന രണ്ട് സാധുക്കൾ. അതിൽ ആരെങ്കിലും ഒരാൾ ആ മുറിക്കുള്ളിൽ അവർക്കൊപ്പം ഉണ്ടായിരുന്നെങ്കിൽ..

ചിലപ്പോൾ ആ മരണം പോലും വഴി മാറുമായിരുന്നില്ലേ..?

മരണത്തിന്റെ ചിന്തകൾ പിന്നേയും സാവിത്രിയെ ജന്മനാടിന്റെ പച്ചപ്പിലേക്കെത്തിച്ചു. ഈ സമയം നാട്ടിൽ പച്ചപ്പരവതാനി വിരിച്ച നെൽപാടങ്ങളിൽ കതിരുകൾ വിടർ

ന്ന് ഭൂമിയിലേക്ക് കൂമ്പി നെൽമണികൾക്കുള്ളിൽ വെളുത്ത് കട്ടിയുള്ള പാൽ ഉറച്ച് വീർത്ത് കഴിഞ്ഞിട്ടുണ്ടാവും. ഇനി ഏറിയാൽ ഒരു മാസത്തിനുള്ളിൽ നല്ല പൊൻകസവുള്ള പുതപ്പിട്ട് വല്ലാത്തൊരു മാദക ഗന്ധം പരത്തി അത് നമ്മളെ കൊതിപ്പിക്കും. ചെറു കാറ്റിൽ പോലും ഒരു കുഞ്ഞ് ശബ്ദത്തോടെ ആടി ഉലയുന്ന കാഴ്ച്ച അവളുടെ മനസ്സിന്റെ കോണിൽ ചെറു തുണുപ്പ് പരത്തി. വീടിന് മുന്നിലൂടെ ഒഴുകുന്ന ചെറുതോടും അതിനോട് ചേർന്ന് കുറച്ച് ഉയരത്തിലുള്ള ഞാറ്റ് കണ്ടങ്ങളും അവയിൽ പൊട്ടിമുളച്ച ഒരേ വലുപ്പത്തിൽ നിൽക്കുന്ന ഇളം പുൽമെത്തയും മനസ്സിലേക്ക് ഓടി വന്നു. പ്രഭാതത്തിൽ ഞാറ്റു കണ്ടത്തിന്റെ ഒത്തനടുക്ക് നിൽക്കുന്ന മുവാണ്ടൻ മാവിന്റെ ചുവട്ടിലേക്കുള്ള ഓട്ടത്തിൽ പുൽത്തകിടയിൽ മഞ്ഞു കണങ്ങൾ മുത്തുകളായി പറ്റിച്ചേർന്നിരിക്കുന്നതിൽ സൂര്യ രശ്മികളേറ്റ് അവയിലാകമാനം മഴവില്ല് വിരിക്കുന്നതും വല്ലാത്തൊരു സുന്ദര കാഴ്ചയായി അവളുടെ ഉള്ളിൽ നിറഞ്ഞതും സാവിത്രി പിന്നേയും വല്ലാതെ കോരിത്തരിച്ചു.

ഇവിടെ വന്നതിനു ശേഷം മണ്ണിലേക്ക് കാലുകൾ പുതയുന്നത് തന്നെ വല്ലപ്പോഴും പൂന്തോട്ടത്തിലേക്ക് എത്തുമ്പോഴാണെന്ന് അവൾ നിർവികാരതയോടെ ഓർത്തു.

ഇവിടെ എത്തപ്പെട്ടപ്പോഴേ സാവിത്രിക്കറിയാമായിരുന്നു പിറന്ന നാട് ഇനി സ്വപനങ്ങളിൽ മാത്രം ഒതുങ്ങുന്നതാണെന്ന്. പക്ഷേ ആ സ്വപനം ഉണർന്നിരിക്കുമ്പോഴും കാണുന്നതും ഒരിക്കലും ഉറങ്ങാൻ സമ്മതിക്കാത്തതുമായിരുന്നു എന്ന് മാത്രം.

സാവിത്രിയുടെ തോന്നലിൽ ഇപ്പോഴും മനുഷ്യൻ ആ പഴയ കാലങ്ങളിൽ തന്നെ ഉറച്ച് നിന്നിരുന്നെങ്കിൽ എന്നാണ്. പുരോഗമനങ്ങളിലൂടെ മനുഷ്യർ എന്ത് നേടി.? സ്വന്തം വാസസ്ഥലത്തെ തന്നെ വാസയോഗ്യമല്ലാതാക്കിയെന്നോ.?

മണ്ണും വിണ്ണും വായുവും ജലവും അഗ്നിയുമെല്ലാം വിഷമയമാക്കി ഈ ഭൂമിയെ തന്നെ സ്വയം ശത്രുവാക്കിയെന്നോ..?

ഇനി ഭൂമിയും തന്റെ ശത്രുവായ മനുഷ്യകുലത്തെ ഉന്മൂലനം ചെയ്യാൻ തുടങ്ങിയതിന്റെ സൂചനകളായിരിക്കുമോ ഈ കാണുന്നതെല്ലാം.? ചിന്തിക്കാനല്ലാതെ സാവിത്രിക്കും ഇതിൽ മറ്റൊന്നും ചെയ്യാനില്ലെന്ന തിരിച്ചറിവിൽ തന്റെ മരണത്തിന്റെ വരവും കാത്ത് ആ മരഘടികാരത്തിന്റെ സൂചികളുടെ ചലനത്തിലേക്ക് കണ്ണും നട്ട് ഒരു കുഞ്ഞൻ അണുവിനെ ഭയന്ന് ആ മുറിക്കുള്ളിൽ ഒതിങ്ങിയിരിക്കാൻ മാത്രമല്ലേ അവൾക്കും കഴിയുമായിരുന്നുള്ളൂ.

ഭൂമിയുടെ ഏക അവകാശി താനാണെന്ന് സ്വയം ഊറ്റം കൊണ്ട മനുഷ്യരെല്ലാം ഇന്ന് ഓരോ മുറിക്കുള്ളിലോ വെളുത്ത പ്ലാസ്റ്റിക് കവറിനുള്ളിലോ ഒളിച്ചിരിക്കുന്നു. ഈ കുഞ്ഞൻ അണു ഭൂമിയിലെ മറ്റൊരു ജീവിവർഗത്തിലും എത്തിനോക്കുന്നു പോലുമില്ല എന്നത് മറ്റൊരു അതിശയമെന്നും അടഞ്ഞ മുറിക്കുള്ളിലെ തുറന്ന ജനാലക്കപ്പുറം തീർത്തും വിജനമായ പാതയിലേക്ക് നോക്കിയിരുന്ന് സാവിത്രി ആത്മഗതം പറഞ്ഞു.

ആ സമയം ഒരു കൂട്ടം പറവകൾ പൂർണ്ണ സ്വാതന്ത്ര്യത്തോടെ ആകാശത്തിലൂടെ പറന്ന് പോവുന്നുണ്ടായിരുന്നു. കൂടണയാറായതിന്റെ സന്തോഷം ആ യാത്രയിൽ ദൃശ്യമായിരുന്നു. ആ സമയം പൂന്തോട്ടത്തിന്റെ മതിലിനോട് ചേർന്ന മൂലയിയിൽ പതുങ്ങിയിരുന്ന കുറുങ്ങി പൂച്ച ഉറക്കെ കരഞ്ഞ് പിന്നേയും തല മണ്ണിലേക്ക് പതിച്ച് വെച്ച് ഉറക്കത്തിലേക്ക് തന്നെ മടങ്ങി പോകുന്നതും സിവിത്രി കണ്ടു. മനുഷ്യനില്ലാത്ത ഭൂമിയും ആകാശവും ഇന്ന് മറ്റ് ജീവജാലങ്ങളുടെ മാത്രം സ്വന്തമായിരിക്കുന്നു.

കുടുംബവും ജീവിതവും മനുഷ്യമനസ്സുകളും എല്ലാം ചെറുതായി ചെറുതായി വെറും അണുവായിത്തീരുമ്പോൾ മനുഷ്യന്റെ നാശത്തിനും ഒരു അണു മാത്രം മതിയെന്നായിരിക്കും നിയോഗം. മനുഷ്യന്റെ ഇതുവരെയുള്ള പുരോഗമങ്ങളെയെല്ലാം കടത്തിവെട്ടുന്ന വെറും കണ്ണാൽ കാണാൻ പോലും കഴിയാത്ത്ര കുഞ്ഞൻ രോഗാണു.

വെറും അണു .

അവസാനിച്ചു.

